*ആദിവാസികൾ ഉന്നയിക്കുന്ന ന്യായമായ പ്രശ്നങ്ങൾക്ക് മുന്നിൽ ഒരു സംവാദമുഖം തുറക്കാൻ കേരളീയ പൊതുസമൂഹം ഒരിക്കലും തയ്യാറായിരുന്നില്ല എന്നതുതന്നെയാണ് രണ്ട് മാസത്തിലേറെയായി സെക്രട്ടറിയറ്റിന് മുന്നിൽ തുടരുന്ന നിൽപ്പ് സമരത്തിന്റെയും പിന്നാമ്പുറം. സംഘടിതമായ ആദിവാസി മുന്നേറ്റങ്ങൾ ഉയർന്നുവന്ന കാലം മുതൽ ഉന്നയിക്കുന്ന അടിസ്ഥാന ആവശ്യങ്ങളോട് പൊതുസമൂഹം വച്ചുപുലർത്തുന്ന അജ്ഞതയും അവഗണനയും വീണ്ടും പ്രതിസ്ഥാനത്ത് എത്തിയിരിക്കുന്നു. നിലനിൽപ്പിനുവേണ്ടിയുള്ള ഒരു ജനതയുടെ പോരാട്ടത്തെ അണുവിടപോലും നമുക്ക് മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ലെന്നാണ് മുത്തങ്ങയ്ക്ക് ശേഷമുള്ള നാളുകളും വെളിപ്പെടുത്തുന്നത്. നിൽപ്പ് സമരവേദിയിലെ ദൈനംദിന തിരക്കുകൾക്കിടയിൽ ഗോത്രജനതയ്ക്ക് നേരിടേണ്ടി വന്ന ചരിത്രപരമായ നീതിനിഷേധങ്ങളെക്കുറിച്ച് കേരളീയവുമായി സംസാരിക്കുന്നു. ഭരണഘടന ഉറപ്പു നൽകിയിരിക്കുന്ന അടിസ്ഥാന അവകാശത്തിന് വേണ്ടി ഭരണഘടന സ്ഥാപിതമായി അറുപത്തിനാല് വർഷം കഴിഞ്ഞും സമരം ചെയ്യേണ്ടി വരുന്നത് ജനാധിപത്യ രാജ്യത്തിന് ഒട്ടും ഹിതകരമല്ലെന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നു.*

ആദിവാസി ജനതയോട് തുടരുന്ന
ചരിത്രപരമായ വഞ്ചനകൾക്ക് പരിഹാരം
തേടി ആദിവാസി ഗോത്രമഹാസഭയുടെ
ആഭിമുഖ്യത്തിൽ
**2014 ജൂലായ് 9ന്**
തുടങ്ങിയ നിൽപ്പ് സമരം
സെക്രട്ടേറിയറ്റിന് മുന്നിൽ തുടരുകയാണ്.
അവഗണന എന്ന സർക്കാർ
സമീപനം മാറുന്നതിന്റെ
സൂചനകളില്ലാത്തതിനാൽ സമരം
വിപുലീകരിക്കുന്നതിനുള്ള
ആലോചനയിലാണ് ആദിവാസി ജനത...

# നിൽപ്പ് സമരത്തിന്റെ നിലപാടുകളോട് സംവദിക്കുക

നിൽപ്പ് സമരത്തിന്റെ രാഷ്ട്രീയത്തെ, ആദിവാസി പോരാട്ടങ്ങളുടെ ചരിത്രത്തെ, ഗോത്രജനാധിപത്യത്തിന്റെ സാധ്യതയെക്കുറിച്ച് സംസാരിക്കുന്നു.

**എം. ഗീതാനന്ദൻ/**
**അരുൺ.ടി. വിജയൻ**

**1975ലെ അന്യാധീനപ്പെട്ട ആദിവാസി ഭൂമി തിരിച്ചുപിടിക്കൽ നിയമം 1996ൽ ഭേദഗതി ചെയ്തപ്പോൾ പറഞ്ഞിരിക്കുന്ന സുപ്രധാനമായ വ്യവസ്ഥ ആദിവാസികൾക്ക് നഷ്ടമായ ഭൂമി എത്രയാണോ അത്രയും പകരമായി ലഭിക്കും എന്നാണല്ലോ? അതായത് പത്ത് ഏക്കർ ഭൂമിയുണ്ടായിരുന്ന ആദിവാസിക്ക് അത്രയും ഭൂമി തന്നെ ലഭിക്കും. 1975ലെ നിയമത്തിൽ നിന്നും വ്യത്യസ്തമായി ആദിവാസി പ്രതിഫലമായി യാതൊന്നും നൽകേണ്ടതുമില്ല. ഇതിനുപുറമെ വീടുവയ്ക്കാനും മറ്റുമായി 25,000 രൂപ വീതം ലഭിക്കുകയും ചെയ്യും. പിന്നെന്താണ് ആദിവാസി ഗോത്രമഹാസഭയെ ഈ സമരത്തിലേക്ക് നയിച്ച കാരണം?**

1996ലെ ഭേദഗതി നിയമം യഥാർത്ഥത്തിൽ പ്രാബല്യത്തിലില്ല. പ്രാബല്യത്തിലുണ്ട് എന്ന് പറയാവുന്നത് 1999ലെ ഭേദഗതി നിയമമാണ്. 75ലെ നിയമം ഭേദഗതി ചെയ്യുകയും ദുർബലപ്പെടുത്തുകയും ചെയ്തുകൊണ്ട് 99ൽ ഉണ്ടാക്കിയ നിയമമേ നിലവിലുള്ളു. ആ നിയമം അനുസരിച്ച് നഷ്ടപ്പെട്ട ഭൂമി എത്രയാ



ഫോട്ടോ: ഷെഫീഖ്

ണോ അതിൽ അഞ്ചേക്കർ വരെ ആദിവാസിക്ക് ലഭിക്കും. കയ്യേറ്റക്കാർ കൈവശം വെക്കുന്ന ആദിവാസിഭൂമിക്ക് 5 ഏക്കർവരെ സാധുത നൽകി പകരം ഭൂമി സർക്കാർ നൽകാനും, 5 ഏക്കറിൽ കൂടുതൽ ഉള്ളത് തിരിച്ചുപിടിച്ച് നൽകാനുമായിരുന്നു ഭേദഗതി നിർദേശിച്ചിരുന്നത്. 99ലെ നിയമത്തിലെ കാതലായ ഒരു വിഷയം ഈ പകരം ഭൂമി എന്നതായിരുന്നു. 1999 ലെ നിയമഭേദഗതി ഡോ. നല്ലതമ്പി തേരയും പി.യു.സി.എൽ. തുടങ്ങിയ സംഘടനകളും, ആദിവാസികളും ഹൈക്കോടതിയിൽ ചോദ്യം ചെയ്തു. നിയമ ഭേദഗതി ഭരണഘടനാവിരുദ്ധമാണെന്ന് ഹൈക്കോടതി പ്രഖ്യാപിച്ചു. കേരള സർക്കാർ സ്പെഷ്യൽ ലീവ് പെറ്റീഷനുമായി സുപ്രീം കോടതിയെ സമീപിച്ചു. 2009ൽ ഭേദഗതി നിയമം ഭാഗികമായി അംഗീകരിച്ചുകൊണ്ട് സുപ്രീംകോടതി വിധിയുണ്ടായി. എന്നാൽ രാഷ്ട്രീയപാർട്ടികൾ സംയുക്തമായി അംഗീകരിച്ച ഭേദഗതിനിയമമോ, സുപ്രീംകോടതി നിർദേശങ്ങളോ നാളിതുവരെ നടപ്പാക്കിയിട്ടില്ല. അതാണ് ആ നിയമത്തിന്റെ ഇപ്പോഴത്തെ അവസ്ഥ. 4200 അപേക്ഷകർക്കായി ഏതാണ്ട് പതിനായിരം ഹെക്ടർഭൂമിയാണ് തിരിച്ചുകിട്ടാനായി ആകെ കണക്കാക്കിയിരിക്കുന്നത്.

എന്നാൽ നിൽപ്പ് സമരം ഉന്നയിക്കപ്പെടുന്ന പ്രധാനപ്പെട്ട വിഷയം ഈ നിയമവുമായി ബന്ധപ്പെട്ടതല്ല. ഇതും പ്രധാന വിഷയം തന്നെയാണ്. അതിനേക്കാളുപരിയായി ചില കാര്യങ്ങളുണ്ട്. 2001ൽ ആന്റണി സർക്കാരിന്റെ കാലത്ത് നടന്ന കുടിൽകെട്ടി സമരത്തെ തുടർന്ന് ഒരു കരാറും പാക്കേജും ഉണ്ടാക്കിയിരുന്നു. അന്യാധീനപ്പെട്ട ഭൂമി നിയമപരമായി തിരിച്ചെടുക്കുക എന്ന 75ലെ നിയമത്തിന്റെ നടപ്പിലാക്കലിനെ കുറച്ചുകൂടി വിശാലമായ രീതിയിൽ ആ പാക്കേജ് സമീപിക്കുന്നുണ്ട്.

കേരളത്തിലെ മുഴുവൻ ഭൂരഹിതരായിട്ടുള്ള ആദിവാസികൾക്കും ഒരേക്കർ മുതൽ അഞ്ചരയേക്കർ വരെ ഭൂമി പതിച്ചുകൊടുക്കുക, നൽകുന്ന ഭൂമി കൃഷിയോഗ്യമാക്കി മാറ്റുന്നതിന് സഹായം നൽകുക- ഇതോടെ ആദിവാസികൾക്ക് അവരുടെ ആവാസവ്യവസ്ഥയുമായി ബന്ധപ്പെട്ട് തന്നെ തൊഴിൽ ലഭിക്കുന്നതിനുള്ള സംവിധാനമുണ്ടാകും -കൊടുക്കുന്ന ഭൂമിയും നിലവിലുള്ള ഭൂമിയും ഭരണഘടനയുടെ അഞ്ചാം പട്ടികയിൽ പ്പെടുത്തിക്കൊണ്ട് നിയമനിർമ്മാണം നടത്തുക, റവന്യൂഭൂമി കണ്ടെത്താൻ കഴിയാത്ത മേഖലകളിൽ നിക്ഷിപ്ത വനഭൂമി ഏറ്റെടുത്ത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക, എല്ലാ പ്രക്രിയകളിലും ആദിവാസി ഊരുകൂട്ടങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുക, നേരത്തെ പറഞ്ഞ 99ലെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കൽ നിയമം സുപ്രീം കോടതിക്ക് വിധേയമായി നടപ്പാക്കുക. ഇത്രയുമാണ് ആ കരാറിന്റെ ഉള്ളടക്കം.

കേരളത്തിലെ ആദിവാസി ഭൂപ്രശ്നത്തെ വളരെ സമഗ്രമായി സമീപിക്കുന്നു എന്നുള്ളതാണ് കരാറിന്റെ പ്രാധാന്യം. 75ലെ നിയമം അതിന്റെ വ്യവഹാര പരിധിയിൽ വരുന്ന ഏതാണ്ട് 4200 ആദിവാസി കർഷകരുടെ പ്രശ്നങ്ങൾ മാത്രമേ അഭിസംബോധന ചെയ്യുന്നുണ്ടായിരുന്നുള്ളൂ. എന്നാൽ ഈ കരാർ ഭരണഘടന പരിഗണന ആദിവാസി ഭൂമിയ്ക്ക് നൽകുമെന്ന് കേരളത്തിൽ ആദ്യമായി ഉറപ്പുതന്നു. നൽകുന്ന ഭൂമിയും നേരത്തെയുള്ള ഭൂമിയും അഞ്ചാം പട്ടികയിൽ ഉൾപ്പെടുത്തുന്ന നിയമ നിർമ്മാണം എന്ന് പറയുമ്പോൾ അഞ്ചാം പട്ടിക പ്രദേശം പ്രഖ്യാപിക്കുകയും 96ലെ പെസ (പ്രോവിഷൻസ് ഓഫ് പഞ്ചായത്ത്) നിയമം ഇവിടെ പ്രാബല്യത്തിൽ വരികയും ചെയ്യും. ഭാഗികമായി വനാവകാശം അംഗീകരിക്കുന്നുവെന്നതും ആ കരാറിന്റെ മറ്റൊരു പ്രത്യേകതയാണ്. ഇത് കുറച്ച് നടപ്പാക്കി. രണ്ട് വർഷക്കാലം വളരെ സജീവമായി മുന്നോട്ട് പോയ ഈ പ്രക്രിയ പിന്നീട് തിരിഞ്ഞുനടക്കുന്നതാണ് കാണാൻ കഴിയുന്നത്. പത്ത് വർഷം കഴിഞ്ഞപ്പോഴേക്കും ഭൂമിയോടും ആദിവാസി പ്രശ്നത്തോടുമുള്ള സർക്കാരിന്റെ സമീപനം മാറുകയും മുൻഗണനയിൽ നിന്നും അത് പൂർണമായും ഒഴിവാക്കപ്പെടുകയും ചെയ്തു. പാക്കേജ് പ്രകാരം 6777 കുടുംബങ്ങൾക്ക് ഭൂമി കൊടുത്തിട്ടുണ്ട്. പക്ഷെ കൊടുത്ത മേഖലകളെല്ലാം തന്നെ അനാഥമാണ് ഇപ്പോൾ. പല സ്ഥലങ്ങളിലും കാർഷിക സംവിധാനം ഇല്ലാത്തതിനാൽ ആളുകൾ ഭൂമി ഏറ്റെടുത്തിട്ടില്ല. കേന്ദ്രം വിട്ടുകൊടുത്ത വനഭൂമി ആദിവാസികൾക്ക് പതിച്ചുകൊടുക്കേണ്ടതില്ലെന്നാണ് സർക്കാരിന്റെ ഇപ്പോഴത്തെ നിലപാട്. കൊടുക്കാൻ ഭൂമി ഇല്ല, ഉള്ള ഭൂമി കൃഷി യോഗ്യമല്ലാത്തതിനാൽ തരാൻ കഴിയില്ല എന്നിങ്ങനെയുള്ള വാദങ്ങളാണ് അവർ ഉയർത്തുന്നത്. ചുരുക്കിപ്പറഞ്ഞാൽ പാക്കേജിന്റെ ഭാഗമായി തുടങ്ങിവച്ച എല്ലാ പ്രക്രിയകളും നിലച്ചു. ആ പാക്കേജ് തന്നെ ഉപേക്ഷിക്കപ്പെട്ട അവസ്ഥയാണ് ഇപ്പോഴുള്ളത്. അതാണ് ഈ സമരത്തിന്റെ പ്രധാനപ്പെട്ട കാരണം. അതിൽ തന്നെ ഊന്നൽ നൽകുന്നത് അഞ്ചാം പട്ടികയ്ക്കും ഭൂസംരക്ഷണത്തിനുമാണ്.

മുത്തങ്ങ സമരത്തെ തുടർന്ന് കേസിൽപ്പെട്ടതും മുത്തങ്ങയിൽ നിന്നും കുടിയിറക്കപ്പെട്ടതുമായ ആളുകൾക്ക് യഥാർത്ഥത്തിൽ നിയമാനുസൃതം വനാവകാശം ലഭിക്കേണ്ടതാണ്. 2006ലാണ് വനാവകാശ നിയമം നിലവിൽ വന്നത്. 2005ന് മുമ്പ് വനഭൂമിയിലുണ്ടായിരുന്ന എല്ലാവർക്കും തന്നെ പുനരധിവാസത്തിന് വനഭൂമിയിൽ അവകാശം ഉണ്ടെന്നാണ് പറയുന്നത്. കുടിയിറക്കപ്പെട്ടെങ്കിലും ഇൻസെക്യൂർ റിഹാബ് സെറ്റിൽമെന്റ് എന്ന നിലയിൽ നിയമത്തിൽ വ്യവസ്ഥയുണ്ട്. ഒന്നുകിൽ അവിടെ അല്ലെങ്കിൽ മറ്റെവിടെയെങ്കിലും. ഇവർക്ക് നഷ്ടപരിഹാരം നൽകണമെന്നും കോടതി പറഞ്ഞിട്ടുണ്ട്. ഈ നഷ്ടപരിഹാരവും പുനരധിവാസവും അടിയന്തിരമായി നടപ്പാക്കണമെന്നതും സമരത്തിന്റെ ആവശ്യമാണ്. കേന്ദ്ര സർക്കാർ വിട്ടുനൽകിയിരിക്കുന്ന ഭൂമിയിൽ ഒരു ഭാഗം ഇവർക്ക് വേണ്ടി ഉപയോഗിക്കണമെന്നതാണ് ആവശ്യം.

ആദിവാസി പുനരധിവാസം ഒരു മിഷൻ മാതൃകയിൽ, ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കും എന്നാണ് അന്ന് വാഗ്ദാനം ചെയ്തത്. ഒരു മിഷൻ രൂപീകരിച്ചിരുന്നു, മാസ്റ്റർപ്ലാനുമുണ്ട്. ആ മിഷന്റെ പ്രവർത്തനത്തിനായി ഫണ്ടും വിലയിരുത്തുന്നുണ്ട്. എന്നാൽ അതിന്റെ പ്രവർത്തനം ഒരു മിഷൻ മാതൃകയിൽ നടപ്പിലാക്കപ്പെടുന്നില്ല. ദൗത്യസംഘം പോലെ ഒരു മിഷൻ ചീഫില്ല.

**ആറളം ഫാമിലെ നിലവിലെ പ്രശ്നങ്ങൾ എന്തെല്ലാമാണ്? മുത്തങ്ങ സമരത്തെ തുടർന്നുണ്ടായ ഒരു പ്രധാന പുനരധിവാസ പദ്ധതിയായിരുന്നെങ്കിലും എന്തുകൊണ്ടാണ് ആറളം ഒരു മാതൃകാ പദ്ധതിയായി മാറാതിരുന്നത്? ആറളത്തെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ഭൂരഹിതർക്ക് ഭൂമി നൽകി പുനരധിവസിപ്പിക്കുക എന്ന മുദ്രവാക്യത്തിൽ എന്തെങ്കിലും കൂട്ടിച്ചേർക്കലുകൾ ആവശ്യമായി വന്നിട്ടുണ്ടോ?**

ആദിവാസി പുനരധിവാസം ഒരു മിഷൻ മാതൃകയിൽ, ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കും എന്നാണ് അന്ന് വാഗ്ദാനം ചെയ്തത്. ഒരു മിഷൻ രൂപീകരിച്ചിരുന്നു, മാസ്റ്റർപ്ലാനുമുണ്ട്. ആ മിഷന്റെ പ്രവർത്തനത്തിനായി ഫണ്ടും വിലയിരുത്തുന്നുണ്ട്. എന്നാൽ അതിന്റെ പ്രവർത്തനം ഒരു മിഷൻ മാതൃകയിൽ നടപ്പിലാക്കപ്പെടുന്നില്ല. ദൗത്യസംഘം പോലെ ഒരു മിഷൻ ചീഫില്ല, ആവശ്യത്തിന് സ്റ്റാഫ് ഇല്ല, മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലുള്ള സർക്കാർ സമീപ

നവും ഇല്ല. അതുകൊണ്ട് ഭൂമി കൊടുത്ത മേഖലകളിലെല്ലാം വൻതോതിൽ കയ്യേറ്റം നടക്കുന്നു. ഇതാണ് ഇപ്പോഴത്തെ വിഷയം. ആന്റണി സർക്കാർ ഡാൻസ് ചെയ്തു കൊണ്ട് കൊടുത്ത കുണ്ടള, മറയൂർ, ചിന്നക്കനാൽ മേഖലകളിലെല്ലാം ഭയങ്കരമായ കയ്യേറ്റങ്ങളാണ് നടക്കുന്നത്. അട്ടപ്പാടിയിലും വൻ തോതിൽ കയ്യേറ്റം നടക്കുന്നു. പൂക്കോട് വനഭൂമിയിൽ വൻകിട നിർമ്മാണ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നത്. ഭൂമി കൊടുത്ത മേഖലകളിലെ ഏറ്റവും വലിയ പ്രോജക്ട് ആണ് ആറളം ഫാം ഏരിയ. ഏതാണ്ട് 42 കോടി രൂപ വില കൊടുത്ത് 7500 ഏക്കർ ഭൂമി വാങ്ങി ഏഷ്യയിലെ തന്നെ ഏറ്റവും ബൃഹത്തായ പുനരധിവാസ പദ്ധതിയായാണ് ആറളം ഫാം പദ്ധതിയെ കണക്കാക്കിയിരുന്നത്. പക്ഷെ 2600 പേർക്ക് പട്ടയം കൊടുത്ത ശേഷം ബാക്കി ഭൂമി സർക്കാർ ആദിവാസി ക്ഷേമത്തിന് വേണ്ടിയുള്ള കമ്പനിക്ക് കൈമാറും എന്ന് പറഞ്ഞിരുന്നെങ്കിലും അവിടെയിപ്പോൾ പൈനാപ്പിൾ കൃഷി പോലുള്ള ആവശ്യങ്ങൾക്ക് സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് കൊടുത്തിരിക്കുകയാണ്. അങ്ങേയറ്റം മലിനീകരണം ഉണ്ടാക്കുന്നതും ജനിതക വൈകല്യങ്ങൾ ഉണ്ടാക്കിയേക്കാവുന്ന ഹോർമോണുകളുടെയും രാസവളങ്ങളുടെയും പ്രയോഗമാണ് ഈ പൈനാപ്പിൾ തോട്ടങ്ങളിൽ നടക്കുന്നത്.

വനമേഖലയിൽ പൈനാപ്പിൾ കൃഷി ചെയ്യുന്നതിനാൽ കാട്ടനക്കൂട്ടങ്ങൾ ഈ പ്രദേശങ്ങളിൽ കയറി ആദിവാസി കുടിലുകൾ തകർക്കുന്നതും പതിവായിട്ടുണ്ട്. അടുത്തകാലത്തും കാട്ടനകളുടെ ആക്രമണത്തിൽ ഒരു സ്ത്രീ കൊല്ലപ്പെട്ടിരുന്നു. ഇങ്ങനെ ജീവിതം ഒട്ടും സുരക്ഷിതമല്ലാതാക്കിയാണ് ആറളം ഫാം പ്രദേശം ആദിവാസികൾക്ക് ജീവിക്കാൻ നൽകിയത്. ആറളത്ത് വിതരണം ചെയ്യപ്പെട്ട ഭൂമി സംരക്ഷിതമായി നിലനിർത്തണം. ആദിവാസി ക്ഷേമത്തിനായി രൂപീകൃതമായിട്ടും അതിനല്ലാതായി മാറിയ കമ്പനി പിരിച്ചുവിട്ട് ഭൂമി പൂർണമായും കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് മുതലായ ഉത്തരമലബാർ ജില്ലകളിലെ ഭൂരഹിതരായ ആദിവാസികളെ പുനരധിവസിപ്പിക്കാൻ ഉപയോഗിക്കുകയും ആറളത്തെ ഒരു ആദിവാസി ഗ്രാമപഞ്ചായത്താക്കി മാറ്റുകയും ചെയ്യുക. ആറളം മാത്രമല്ല, കേരളത്തിലെ ഇത്തരത്തിലുള്ള എല്ലാ പുനരധിവാസ മേഖലയും ആദിവാസികളുടെ ഗ്രാമപഞ്ചായത്തുകളായി രൂപപ്പെടുത്തിയാൽ മാത്രമേ ഇത്തരം കയ്യേറ്റങ്ങൾ ഭാവിയിൽ ഒഴിവാക്കാൻ സാധിക്കൂ.അതല്ലെങ്കിൽ ജൈവവൈവിധ്യവും ആദിവാസികളുടെ ആവാസവ്യവസ്ഥയും തകർക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഇനിയും ഇവിടെ തുടരും.

**ആദിവാസി ഗ്രാമപഞ്ചായത്ത്, ഗ്രാമസഭ എന്താണെന്ന് ഒന്നുകൂടി വിശദമാക്കാമോ? കേരളത്തിൽ ഇനിയും വേണ്ടത്ര ചർച്ച ചെയ്തിട്ടില്ലാത്ത വിഷയമാണത്?**

ആദിവാസികൾക്ക് പരമ്പരാഗതമായ ഗ്രാമസഭകളുണ്ട്. അവരുടെ പരമ്പരാഗതമായ ശീലങ്ങൾ, ആചാര-അനുഷ്ഠാനങ്ങൾ. ഈ ഗ്രാമസഭകൾക്ക് അവരുടേതായ പരമ്പരാഗത ഭരണഘടനയുമുണ്ട്. കൊച്ചു കൊച്ചു റിപ്പബ്ലിക്കുകളായാണ് ഈ ഭരണഘടന നിലനിൽക്കുന്നത്. ഇത് നൂറ്റാണ്ടുകളായുള്ള ചെറുത്തുനിൽപ്പുകളിലൂടെ അവർ സ്ഥാപിച്ചെടുത്തതുകൂടിയാണ്. കൊളോണിയൽ അധിനിവേശത്തിന്റെ ഭാഗമായി ഇതിനെയെല്ലാം പൂർണമായും തുടച്ചുനീക്കുന്നതിനായിരുന്നു അധിനിവേശ ശക്തികളുടെ താൽപര്യം. അത്തരം ശക്തികൾക്കെതിരെയും പഴയകാല രാജഭരണ ശക്തികൾക്കെതിരെയും ഒട്ടേറെ ചെറുത്തു നിൽപ്പ് നടത്തിയവരാണ് ആദിവാസികൾ. ആ ചെറുത്തു നിൽപ്പ് ഇപ്പോഴും തുടരുന്നുണ്ട്. അതുകൊണ്ടാണ് ഒന്നാം ഇന്ത്യൻ ഭരണഘടനയിൽ തന്നെ ആദിവാസികളുടെ സ്വയംഭരണം അംഗീകരിക്കപ്പെട്ടിരുന്നത്. അത് പിന്നീട് ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 244ൽ കൃത്യമായി നിർവചിച്ചിട്ടുണ്ട്. അവരുടെ ഭാഷ, സംസ്കാരം, ഭൂമി, മറ്റ് ജീവിത സാഹചര്യങ്ങൾ, അധിവാസ മേഖലകൾ തുടങ്ങിയവ പട്ടികവർഗ്ഗ പ്രദേശങ്ങളായി സംരക്ഷിക്കപ്പെടാനും അതിനുവേണ്ടിയുള്ള സൽഭരണം വ്യത്യസ്ത സംസ്ഥാനങ്ങൾ നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്താനും ഇന്ത്യൻ പ്രസിഡന്റിന്റെയും ഗവർണർമാരുടെയും മേൽനോട്ട ചുമതലയും ആർട്ടിക്കിളിൽ ഉറപ്പു നൽകിയിട്ടുണ്ട്. ആ ആർട്ടിക്കിളിന്റെ ഉപഭാഗമാണ് അഞ്ചാം പട്ടികയും ആറാം പട്ടികയും. ആദിവാസി ഭൂരിപക്ഷ പ്രദേശങ്ങളായ ആസാം, മിസോറാം, നാഗാലാൻഡ് പോലുള്ള വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ ആറാം പട്ടികയിലും അതൊഴികയുള്ള ആദിവാസി പ്രദേശങ്ങൾ അഞ്ചാം പട്ടികയിലും ഉൾപ്പെടുത്തിയിരിക്കുന്നു. അഞ്ചാം പട്ടിക പ്രദേശത്തിന് വ്യക്തമായ ഒരു ഭരണ രൂപം അടുത്തകാലം വരെ അതായത്, 1996 വരെ ഉണ്ടായിരുന്നില്ല. ആറാം പട്ടിക പ്രദേശങ്ങൾക്ക് ഏതാണ്ട് സംസ്ഥാന ഭരണരൂപം തന്നെയാണ് ഉള്ളത്. 1996ലെ പെസ (പ്രൊവിഷൻ ഓഫ് പഞ്ചായത്ത്

എക്സ്റ്റൻഷൻ ടു ഷെഡ്യൂൾഡ് ഏരിയാസ് ആക്ട്) നിയമം വന്നതോടു കൂടിയാണ് അഞ്ചാം പട്ടിക പ്രദേശങ്ങൾക്ക് ഒരു ഭരണ രൂപം ഉണ്ടാകുന്നത്. 1994 കാലഘട്ടത്തിലാണ് ത്രിതല പഞ്ചായത്തിരാജ് സംവിധാനം ദേശീയതലത്തിൽ വരുന്നത്. ഭരണഘടനയുടെ നാൽപ്പതാം വകുപ്പിനെ അഭയം പ്രാപിച്ചാണ് പഞ്ചായത്തീരാജ് സംവിധാനം നിലവിൽ വന്നത്. ഗ്രാമസ്വരാജ് യഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടെ വന്ന പഞ്ചായത്തിരാജ് സംവിധാനത്തിന്റെ പശ്ചാത്തലത്തിലാണ് പെസ നിയമം വന്നത്. ഭരണഘടനയുടെ എഴുപത്തിമൂന്നാം ഭേദഗതിയും എഴുപത്തിനാലാം ഭേദഗതിയുമാണ് പഞ്ചായത്തീരാജിന്റെ സ്ഥാപനത്തിന് കാരണമായത്. ഈ നിയമ നിർമ്മാണത്തോടെ ഗ്രാമസ്വരാജ് ഇന്ത്യയിലെമ്പാടും വ്യാപകമാക്കി. ആദിവാസി മേഖലയ്ക്ക് കൂടി ഇതെങ്ങനെ ബാധകമാക്കും എന്ന വിഷയം ആദിവാസികൾ ഉന്നയിച്ചു. തങ്ങൾക്ക് പരമ്പരാഗത ഗ്രാമസഭകളുണ്ട്, അവിടെ പുതിയ സംവിധാനമായ പഞ്ചായത്തീരാജ് സംവിധാനം പാടില്ല എന്ന നിലയിൽ അവർ പ്രശ്നമുന്നയിക്കുകയും ആന്ധ്ര ഹൈക്കോടതിയെ സമീപിക്കുകയും ചെയ്തു. അപ്പോഴാണ് പാർലമെന്റ് തങ്ങൾക്ക് പറ്റിയ പിശക് എന്ന നിലയിൽ ഇത് തിരിച്ചറിയുന്നത്. ഇവിടെ ആർട്ടിക്കിൾ 40, 244 എന്നീ ഭരണഘടന വകുപ്പുകൾ തമ്മിൽ ഏറ്റുമുട്ടുന്നതാണ് കാണാൻ സാധിച്ചത്. ഈ പ്രശ്നം പരിഹരിക്കാനാണ് പാർലമെന്റ് പുതിയ ഒരു നിയമ നിർമ്മാണത്തിന് തീരുമാനിച്ചത്. ആദിവാസി മേഖലകൾക്ക് സവിശേഷമായ ഗ്രാമപഞ്ചായത്തുകൾ രൂപവൽക്കരിക്കാൻ അതോടെ തീരുമാനിച്ചു. അതിന് വേണ്ടി ദിലീപ് സിംഗ് ഭൂരിയ എന്ന കോൺഗ്രസ് എം.പിയെ അദ്ധ്യക്ഷനാക്കി ഒരു കമ്മിഷൻ രൂപീകരിച്ചു. ഭൂരിയ കമ്മിറ്റിയുടെ റിപ്പോർട്ട് ആദിവാസികളുടെ സവിശേഷ ഗ്രാമപഞ്ചായത്ത് എന്ന ആശയം പരിഗണിച്ചു. ആദിവാസികളുടെ അധിവാസ മേഖലകൾ അതെത്ര ചെറിയ ഗ്രാമങ്ങളായാലും അവയെ ഗ്രാമങ്ങളായി പരിഗണിക്കാനും ഒന്നോ ഒന്നിലധികമോ ഗ്രാമങ്ങളുടെ കൂട്ടായ്മയെ ഒരു ഗ്രാമസഭയായി അംഗീകരിച്ചു കൊണ്ടുള്ള നിയമ നിർമ്മാണം നടത്താനും കമ്മിറ്റി ശുപാർശ ചെയ്തു. ഈ റിപ്പോർട്ടിന്റെ ഫലമായി ആദിവാസികളുടെ സ്വയംഭരണം, ഭൂസംരക്ഷണം, വനവിഭവങ്ങളുടെ ശേഖരണം, അതിന്റെ പരിപാലനം, അവരുടെ സാമ്പത്തിക കാര്യങ്ങൾ നിർണയിക്കാനുള്ള അധികാരം, തദ്ദേശ സ്ഥാപനങ്ങളുടെ ഭരണം, മദ്യനിരോധനം തുടങ്ങിയ പ്രധാനപ്പെട്ട വകുപ്പുകൾ ഉൾപ്പെടുത്തി വളരെ പ്രധാനപ്പെട്ട ഒരു പഞ്ചായത്തീരാജ് നിയമം നിലവിൽ വന്നു. പ്രൊവിഷൻസ് ഓഫ് പഞ്ചായത്ത്സ് എക്സറ്റൻഷൻ ടു ദ ഷെഡ്യൂൾഡ് ഏരിയാസ്(പെസ) 1996 എന്നാണ് ആ നിയമം അറിയപ്പെടുന്നത്.

**2006ലെ ആദിവാസി വനനിയമം പോലും ഫലപ്രദമായി നടപ്പാക്കപ്പെടാത്ത സാഹചര്യം കേരളത്തിൽ നിലനിൽക്കുന്നില്ലേ? വനാവകാശ നിയമത്തിന്റെ ഫലപ്രദമായ നടപ്പിലാക്കൽ ഉറപ്പു വരുത്താൻ കഴിയാത്തത് എന്തുകൊണ്ടാണ്? വനാവകാശ നിയമത്തിന്റെ നടപ്പാക്കലിന് ഉപരിയായി പെസ നിയമം (1996) കൂടി നടപ്പിലാക്കപ്പെടുന്നതു കൊണ്ട് എന്ത് അധിക പരിഗണനകളാണ് ആദിവാസി വിഭാഗങ്ങൾക്ക് ലഭിക്കുന്നത്?**

പഞ്ചായത്തീരാജ് വ്യവസ്ഥകൾ പട്ടികവർഗ്ഗ മേഖലകളിലേക്ക് വ്യാപിപ്പിക്കുകയാണ് പെസ നിയമത്തിന്റെ ലക്ഷ്യം. ആ നിലയ്ക്ക് ത്രിതല പഞ്ചായത്തീരാജ് നിയമത്തേക്കാൾ വളരെ ശക്തിമത്തായ ഒരു പ്രാദേശിക ഭരണത്തിനായുള്ള നിയമമാണ് ഇത്. എന്നാൽ കേരളത്തിൽ ആ നിയമം നടപ്പാക്കപ്പെട്ടിട്ടില്ല എന്നതാണ് ഇവിടുത്തെ പ്രശ്നം. അതുകൊണ്ട് കേരളത്തിലെ പട്ടിക വർഗ്ഗ മേഖലകൾ അഞ്ചാം പട്ടികയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള സംസ്ഥാന മന്ത്രിസഭാ പ്രഖ്യാപനം ഇവിടെ ഉണ്ടാകണം. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പ് ഈ ആദിവാസി മേഖലകൾക്ക് പ്രത്യേക ഗ്രാമസഭകൾ രൂപീകരിച്ചുകൊണ്ടുള്ള (ആദിവാസി ഗ്രാമസഭ നിയമം) ഒരു ഭേദഗതിയും ഉണ്ടാക്കണം.

ആദിവാസി ഗ്രാമസഭാ നിയമം പ്രാബല്യത്തിൽ വന്നാൽ ഭൂമി അന്യാധീനപ്പെടുന്നത് തടയാൻ പറ്റും. കൂടാതെ ആദിവാസി വിഭവങ്ങളുടെ സമ്പൂർണമായിട്ടുള്ള നിയന്ത്രണം, അവരുടെ ഫണ്ടിന്റെ വിനിയോഗം ഇതെല്ലാം ആ വിഭാഗത്തിൽ തന്നെ നിലനിൽക്കും. ആദിവാസികളുടെ ശാക്തീകരണത്തിനും ഇത് സഹായിക്കും. ഈ നിയമം യാഥാർത്ഥ്യമാകുന്നതോടെ ആദിവാസികൾ ഉണരും. തങ്ങൾക്ക് അധികാരമില്ലെന്ന ചിന്തയാണ് അവരിങ്ങനെ ഉറങ്ങിക്കിടക്കുന്നതിന്റെ പ്രധാന കാരണം. മറ്റാരുടെയൊക്കെയോ ഉപകരണമായി അവർ മാറ്റപ്പെട്ടിരിക്കുന്നു. കേരളത്തിൽ ഊരുകൂട്ടം പോലുള്ള സംവിധാനങ്ങൾക്ക് സാങ്കേതിക അംഗീകാരം കൊടുക്കുന്നുണ്ടെങ്കിലും ഊരുകൂട്ടങ്ങൾ വിളിച്ചു ചേർക്കുന്നതും അവയുടെ മൂപ്പൻമാ

രെ തീരുമാനിക്കുന്നതുമെല്ലാം പട്ടികവർഗ്ഗ വകുപ്പ് ഉദ്യോഗസ്ഥന്മാരാണ്. ജനാധിപത്യപരമായി പ്രവർത്തിക്കുന്ന ഒരു സംവിധാനമല്ല ഇത്. ഈ നിയമ നിർമ്മാണം സാധ്യമാകുന്നതോടെ അത് പരിഹരിക്കാൻ സാധിക്കും.

വനാവകാശ നിയമത്തിൽ വന സംരക്ഷണത്തിന്റെ ബാധ്യത തദ്ദേശീയ ജനവിഭാഗങ്ങൾക്കും ഗ്രാമസഭകൾക്കുമാണ് എന്ന നിലയിൽ നിർവചിക്കുന്നുണ്ട്. പക്ഷെ ചട്ടങ്ങളിൽ അതിന്റെ സമഗ്രത വന്നിട്ടുണ്ടോയെന്ന കാര്യം സംശയമാണ്. വനാവകാശം അംഗീകരിക്കുകയെന്നതിന്റെ ഉത്തരവാദിത്വം ഗ്രാമസഭകൾക്കാണ്. ഇതിൽ തന്നെ പെസ ഗ്രാമസഭകൾക്കാണ് ഊന്നൽ കൊടുക്കുന്നത്. കേരള



ത്തിൽ പെസ ഗ്രാമസഭകൾ ഇല്ലാത്തതിനാലാണ് പകരം ആദിവാസി ഊരുകൂട്ടങ്ങൾക്ക് ഗ്രാമസഭ പദവി എന്ന ചിന്തയിലേക്ക് അധികൃതർ പോയത്. പക്ഷെ അവിടെയും അവർ സൃഷ്ടിച്ച പ്രശ്നം, വ്യക്തിഗത വനാവകാശ നിയമം അനുവദിക്കുന്ന നടപടിക്ക് വേണ്ടി വനാവകാശ ഗ്രാമസഭകളിൽ നിന്നും ഊരുകൂട്ടങ്ങളിൽ നിന്നും വനാവകാശ കമ്മിറ്റികൾ ഉണ്ടാക്കി അതിന് അംഗീകാരം കൊടുത്തുകൊണ്ട് വനാവകാശ നിയമം നടപ്പിലാക്കുന്നതിനുള്ള നടപടികൾ അവസാനിപ്പിച്ചു എന്നതാണ്. ചുരുക്കിപ്പറഞ്ഞാൽ വളരെ സ്വാഭാവികമായി പ്രവർത്തിക്കുന്ന ഒരു ഗ്രാമസഭയായി ഇവ നിലനിൽക്കുന്ന അവസ്ഥ ഇപ്പോഴില്ല. അത് സാധ്യമാകണമെങ്കിൽ ആദ്യമായി സാമൂഹിക വനാവകാശം അംഗീകരിക്കപ്പെടണം, രണ്ടാമത് വനസംരക്ഷണം നിർവഹിക്കപ്പെടുന്നതിന്റെ ബാധ്യതയുടെ അടിസ്ഥാനത്തിൽ ചുമതലകൾ നിർണയിക്കണം. അക്കാര്യത്തിൽ നിയമത്തിന് അപര്യാപ്തയുണ്ടെന്നാണ് എനിക്ക് തോന്നുന്നത്.

ഇതിന്റെ സാധ്യതകളെക്കുറിച്ച് ഏറ്റവും നന്നായി പറയുന്നത് ഗാഡ്ഗിൽ ആണ്. പെസ ഗ്രാമസഭകളുടെയും വനാവകാശ ഗ്രാമസഭകളുടെയും സാധ്യതകൾ ഫലപ്രദമായി ഉപയോഗിക്കണമെന്ന് പറഞ്ഞുവെന്നുള്ളത് മാത്രമല്ല വനോൽപ്പന്നങ്ങൾ ശേഖരിക്കുന്നതിനും ക്രമീകരിക്കുന്നതിനും വേണ്ടിയുണ്ടാക്കിയിട്ടുള്ള വനസംരക്ഷണ നിയമം ഉൾപ്പെടെ ഗ്രാമസഭയിലേക്ക് കൊണ്ടുവരണമെന്നും ഗാഡ്ഗിൽ പറയുന്നുണ്ട്. ആദിവാസി ഗ്രാമസഭകളെ ഒരു അധികാര ശക്തിയാക്കി മാറ്റുന്നതിലൂടെ മാത്രമേ പെസ നിയമത്തിന്റെ യഥാർത്ഥ ലക്ഷ്യം പൂർത്തീകരിക്കപ്പെടുകയുള്ളൂ വനാവകാശം നടപ്പാക്കുന്നതിനായുള്ള സമരത്തെ ആദിവാസികളുടെ ഭൂമി പ്രശ്നം മാത്രമായി ചുരുക്കിക്കാണരുത്. കേരളത്തിലെ പ്രകൃതി വിഭവങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ തദ്ദേശീയ വാസികൾ നടത്തുന്ന ഇടപെടൽ കൂടിയാണത്.

**ഗ്രാമസഭകളും പെസ ഗ്രാമസഭകളും തമ്മിൽ എന്താണ് വ്യത്യാസം? പെസ ഗ്രാമസഭകൾ കേരളത്തിൽ നടപ്പാക്കപ്പെടാത്തതിന് കാരണം എന്താണ്?**

ആദിവാസി ഗ്രാമസഭകൾ രൂപീകരിക്കുന്നതിന്റെ സാധ്യത ദേശീയ തലത്തിൽ കുറച്ചുകൂടി വിപുലമായ അർത്ഥത്തിലാണ് കണക്കാക്കപ്പെടുന്നത്. ഗ്രാമസഭകൾ ആദിവാസികൾ, ആദിവാസികളല്ലാത്തവർ എന്നിവരുടെ ഗ്രാമസഭകളെയാണ് പരിഗണിക്കുന്നത്. എന്നാൽ പെസ ഗ്രാമസഭകൾ പട്ടികവർഗ്ഗ ഗ്രാമസഭകൾ എന്നുതന്നെയാണ് പറയുന്നത്. ദേശീയതലത്തിൽ ആദിവാസികൾക്ക് ഭൂരിപക്ഷമുള്ള മേഖലകൾ എന്ന നിലയിലാണ് അത് നിർവചിക്കപ്പെടാറുള്ളത്. കേരളത്തിൽ അങ്ങനെയൊരു നീക്കം വൻതോതിൽ പ്രതിരോധിക്കപ്പെടുന്നു. കാരണം അഞ്ചാം പട്ടികയിൽ ഉൾപ്പെടുന്നത് എല്ലാ ഗ്രാമസഭകൾക്കും ഭരണഘടനാപരമായി നല്ലതാണ്.

സാധാരണ ഗ്രാമപഞ്ചായത്തുകളെക്കാൾ അധികാരമുള്ള വികേന്ദ്രീകൃത രൂപമാണ് പെസ ഗ്രാമസഭകൾക്കുള്ളത്. ഗോത്രമഹാസഭ ആദിവാസികളുടെ അധിവാസ മേഖലകളിൽ  ഗ്രാമസഭകൾ രൂപീകരിക്കാനാണ് ആവശ്യപ്പെടുന്നത്. 2001ലെ കരാർ പറയുന്നതും അങ്ങനെയാണ്, ആദിവാ

സികൾക്ക് ഇപ്പോൾ നൽകുന്ന ഭൂമിയും നേരത്തെ നൽകിയ ഭൂമിയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഗ്രാമസഭകളെ ഒരു പഞ്ചായത്താക്കുക. ഇടുക്കിയിലെ ഇടമലക്കുടി ആദിവാസി പഞ്ചായത്ത് ആക്കിയിട്ടുണ്ട്. അത് പെസ ഗ്രാമസഭ അല്ല, സാധാരണ പഞ്ചായത്ത് ആണ്. അവിടെ എല്ലാ വിഭാഗത്തിലും ഉൾപ്പെടുന്ന ആളുകൾ ഉണ്ട്. ഇതേ മാതൃക കേരളത്തിലെ മറ്റ് ഭാഗങ്ങളിലും പ്രാവർത്തികമാണ്. ആറളത്ത് ഏകദേശം അയ്യായിരത്തിലേറെ ജനസംഖ്യയുണ്ട്. ഇനിയും അത് ഉയർന്നേക്കാം. ആറളത്തെ ഒരു പഞ്ചായത്ത് ആക്കി മാറ്റാവുന്നതാണ്.

**1975ലെ അന്യാധീനപ്പെട്ട ആദിവാസിഭൂമി തിരിച്ചു പിടിക്കൽ നിയമം ഇനിയും റിവൈവ് ചെയ്യുന്നതിനായി ശ്രമിക്കുന്നതിൽ കാര്യമുണ്ടോ? ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമിയിൽ പലവിധത്തിലുള്ള കയ്യേറ്റങ്ങൾ ഇപ്പോഴും നടക്കുന്ന സംസ്ഥാനമാണ് കേരളം എന്നതുകൊണ്ട് ചോദിച്ചതാണ്. പകരം ഭൂമി നൽകി പുനരധിവാസിപ്പിക്കാം എന്ന തരത്തിൽ 1999ൽ ഭേദഗതി ചെയ്ത നിയമമാണല്ലോ ഇപ്പോൾ നിലനിൽക്കുന്നത്. ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് ആ നിയമം അപര്യാപ്തമല്ലെ?**

75ലെ നിയമത്തിനും ഒരുപാട് പരിമിതികളുണ്ട്. നിയമം പറയുന്നതു തന്നെ ഭൂമി കൈമാറ്റം നിയന്ത്രിക്കലും തിരിച്ചെടുക്കലും എന്നാണ്. കയ്യേറ്റം നടന്നാൽ ഒഴിപ്പിക്കുക എന്ന വ്യവസ്ഥ മാത്രമാണ് ആ നിയമത്തിലുള്ളത്. അതാണ് അതിന്റെ പരിമിതിയും. സിവിൽ ഭൂമി എന്ന നിലയിലാണ് ആദിവാസി ഭൂമിയെയും പരിഗണിച്ചിട്ടുള്ളത്.

75ലെ നിയമത്തിനും ഒരുപാട് പരിമിതികളുണ്ട്. നിയമം പറയുന്നതു തന്നെ ഭൂമി കൈമാറ്റം നിയന്ത്രിക്കലും തിരിച്ചെടുക്കലും എന്നാണ്. കയ്യേറ്റം നടന്നാൽ ഒഴിപ്പിക്കുക എന്ന വ്യവസ്ഥ മാത്രമാണ് ആ നിയമത്തിലുള്ളത്. അതാണ് അതിന്റെ പരിമിതിയും. സിവിൽ ഭൂമി എന്ന നിലയിലാണ് ആദിവാസി ഭൂമിയെയും പരിഗണിച്ചിട്ടുള്ളത്. അതേസമയം പെസ ഗ്രാമസഭകൾ യഥാർത്ഥ്യമായാൽ ഭൂമിയുടെ എല്ലാ വിധത്തിലുമുള്ള ക്രയവിക്രയങ്ങളും ആദിവാസി ഗ്രാമസഭകളുടെ നിയന്ത്രണത്തിലാകുകയാണ്. ഇത് കയ്യേറ്റമുണ്ടാകുന്നത് തടയാൻ സഹായിക്കും. പഞ്ചായത്ത് അറിയാതെ യാതൊരു വിധത്തിലുള്ള ക്രയവിക്രയങ്ങളും ഒരു ഭൂപ്രദേശത്ത് നടക്കില്ലെന്ന അവസ്ഥയുണ്ടാകും. ക്രയവിക്രയം കൂടാതെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കാനും മദ്യനിരോധനം ഏർപ്പെടുത്താനും ഗ്രാമസഭയ്ക്ക് അധികാരം ലഭിക്കും. 75ലെ നിയമം അപര്യാപ്തമാണെങ്കിലും ഇപ്പോഴും നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് ആ നിയമം റിവൈവ് ചെയ്യുന്നതിനേക്കാളേറെ ഗ്രാമസഭകൾക്ക് അധികാരം കൊടുക്കുന്ന ഒരു പുതിയ നിയമം രൂപീകരിക്കുന്നതായിരിക്കും നല്ലത്.

ഭൂരഹിതരായ ആദിവാസികളാണ് കേരളത്തിൽ എൺപത് ശതമാനവും. ചരിത്രപരമായ കാരണത്താൽ ഇവർ എങ്ങനെ ഭൂരഹിതരായി എന്നതിന് തെളിവുകളില്ല. പകരം ഭൂമി നൽകി പുനരധിവസിപ്പിക്കാം എന്ന തരത്തിൽ 99ൽ ഭേദഗതി ചെയ്ത നിയമം ഇതൊരു സിവിൽ പ്രശ്നം എന്ന നിലയിലാണ് കൈകാര്യം ചെയ്യുന്നത്. അത് നേരത്തെ പറഞ്ഞതു പോലെ 4200 ആദിവാസി കർഷകരുടെ മാത്രം പ്രശ്നമാണെന്ന നിലയിൽ സ്ഥാപിതമായ നിയമമാണ്. യഥാർത്ഥത്തിൽ എണ്ണായിരത്തിലേറെ പേരാണ് ഈ കേസിൽ അപേക്ഷകരായി ഉണ്ടായിരുന്നത്. പ്രാഥമിക സൂക്ഷ്മപരിശോധനകൾക്ക് ശേഷം ഇതിൽ 4200 അപേക്ഷകൾ യോഗ്യമായ അപേക്ഷകളായി കണക്കാക്കപ്പെടുകയായിരുന്നു. ഈ അപേക്ഷകളുടെ അടിസ്ഥാനത്തിലാണ് ആർ.ഡി.ഒ നടപടി ക്രമങ്ങൾ നടത്തിയത്. അത് വിതരണം ചെയ്താൽ കിട്ടാൻ പോകുന്നത് ഏഴായിരം മുതൽ പതിനായിരം വരെ ഹെക്ടർ ഭൂമിയാണ്. ഇത് ആദിവാസി പ്രശ്നങ്ങളിൽ ഒരു പ്രമുഖ പ്രശ്നം തന്നെയാണെങ്കിലും കേരളത്തിലെ യഥാർത്ഥ ആദിവാസി പ്രശ്നത്തെ മുഴുവൻ പ്രതിനിധീകരിക്കുന്ന ഒന്നല്ല. ഭൂരഹിതരായ മുഴുവൻ ആദിവാസികളെയും പുനരധിവസിപ്പിക്കുകയും അവർക്ക് വനാവകാശം അനുവദിക്കുകയും ചെയ്യുമ്പോൾ മാത്രമേ ആദിവാസി പ്രശ്നത്തിൽ ഒരു സമ്പൂർണ്ണ പരിഹാരം ഉണ്ടാകുന്നുള്ളൂ.

**ആദിവാസി പുനരധിവാസ വികസന മിഷന്റെ സ്ഥിതി എന്താണ്? ആദിവാസി ഭരണം വളരെയധികം ദുർബലപ്പെട്ടിരിക്കുകയാണല്ലോ? സർക്കാർ തലത്തിൽ പലപ്പോഴും പല പദ്ധതികളും ആവിഷ്കരിക്കപ്പെടുന്നുണ്ടെങ്കിലും ഉദ്യോഗസ്ഥ സംവിധാനത്തിൽ**

# ഒരുപിടി മണ്ണെങ്കിലും കിട്ടുമോ?

## മാളു, നിൽപ്പ് സമര പന്തലിൽ നിന്നും

**എവിടെ നിന്നാണ് വരുന്നത്? നിൽപ്പ് സമരത്തിൽ എത്ര ദിവസമായി പങ്കെടുക്കുന്നു?**
വയനാട് ജില്ലയിലെ നൂൽപ്പുഴയ്ക്കടുത്തുള്ള കോഴാലിപ്പെര കോളനിയിൽ നിന്നാണ് ഞങ്ങൾ വരുന്നത്. കഴിഞ്ഞ പതിനാറ് ദിവസമായിട്ട് തുടർച്ചയായി ഞങ്ങൾ നിൽക്കുകയാണ്.
**സമരം മുന്നോട്ട് വയ്ക്കുന്ന ആവശ്യങ്ങളെക്കുറിച്ച് എന്തെല്ലാമാണ് മനസ്സിലാക്കുന്നത്?**
ഞങ്ങൾക്ക് ജീവിക്കാൻ ഒരുപിടി മണ്ണ് ലഭിക്കുന്ന എന്നതു തന്നെയാണ് പ്രധാന ആവശ്യം. അതിന് വേണ്ടി ഞങ്ങൾ സമരത്തോടൊപ്പമുണ്ടാകും.
**നിലവിൽ നിങ്ങളുടെ ഊരുകളുടെ അവസ്ഥയെന്താണ്?**
റേഷൻ കടയിൽ നിന്നും പത്ത് രൂപയ്ക്ക് അരികിട്ടുന്നതുകൊണ്ട് അതുവാങ്ങി കഞ്ഞികുടിച്ചാണ് ഞങ്ങൾ കഴിയുന്നത്. പണിയില്ലാത്ത ദിവസം വരുമാനമൊന്നും ഉണ്ടാകില്ല. കുറച്ച് നാളായിട്ട് പണിയൊന്നുമില്ല. വേനൽക്കാലത്ത് കുറച്ച് ദിവസം കൊയ്ത്ത് പണിയുണ്ടായിരുന്നു. കർക്കിടമാസത്തിൽ കൂടിയാൽ ഒരു പത്ത് പണികിട്ടും. തൊഴിലുറപ്പ് ജോലി വർഷത്തിൽ കുറച്ച് ദിവസം മാത്രമാണ് കിട്ടുന്നത്. കിട്ടിയാൽ തന്നെ രണ്ടുമൂന്ന് മാസം കഴിഞ്ഞാണ് പൈസ കിട്ടുന്നത്.
**ഊരിൽ കൃഷി ചെയ്യാനുള്ള സാഹചര്യമുണ്ടോ?**
ഒന്നുമില്ല. വീട് നിൽക്കുന്ന മൂന്ന് സെന്റ് ഭൂമിയാണ് ആകെയുള്ളത്. അങ്ങനെ 18 വീടുകൾ ഞങ്ങടെ കോളനിയിലുണ്ട്.
**കാടിനെ ആശ്രയിച്ച് ജീവിക്കുന്നവരുണ്ടോ?**
ഞങ്ങളുടെ കോളനിയടക്കമുള്ള പണിയക്കോളനികൾ പലതും വനത്തിൽ നിന്നും കുറേ ദൂരെയാണ്. എന്നാലും വിറക് ശേഖരിക്കാൻ കാട്ടിൽ പോകും. വേറെ ഒന്നിനും പോകാറില്ല. കാട്ടുനായ്ക്കന്മാർ തേനും തെള്ളിയും എല്ലാം ശേഖരിച്ച് വിൽക്കാറുണ്ട്. അതിന് വേണ്ടി പ്രത്യേകം വന സംരക്ഷണ സമിതിയും പ്രവർത്തിക്കുന്നുണ്ട്. സാധനങ്ങൾക്ക് നല്ല വിലയും കിട്ടുന്നുണ്ട്.
**ഊരുക്കൂട്ടം കൃത്യമായി നടക്കുന്നുണ്ടോ? ഊരുക്കൂട്ടത്തിന്റെ തീരുമാനം രേഖയായി സൂക്ഷിക്കാറുണ്ടോ?**
ഊരുക്കൂട്ടം വല്ലപ്പോഴുമാണ് നടക്കാറുള്ളത്. ഊരുമൂപ്പൻ അയാളുടെ തീരുമാനങ്ങൾ എല്ലാവരോടും പറയാറില്ല. വനാവകാശ നിയമത്തെക്കുറിച്ചുള്ള മീറ്റിംഗിൽ പങ്കെടുക്കുന്നതിനായി മൂപ്പൻ തിരുവനന്തപുരത്തെല്ലാം പോയിട്ടുണ്ട്. പക്ഷെ ആ മീറ്റിംഗിൽ പറഞ്ഞ കാര്യങ്ങളൊന്നും ഞങ്ങളോട് പറഞ്ഞിട്ടില്ല. വനാവകാശ നിയമം എന്താണെന്ന് കോളിനിക്കാർക്ക് അറിയില്ല.
**മുത്തങ്ങ സമരത്തിൽ പങ്കെടുത്തിരുന്നോ?**
ഓ, പങ്കെടുത്തിരുന്നു. മുത്തങ്ങയെ വനഭൂമിയിൽ 45 ദിവസത്തോളം ഞങ്ങൾ കുടിൽകെട്ടി താമസിച്ചിരുന്നു. അതിന്ശേഷമാണ് വൻ സന്നാഹമായി വന്ന പോലീസ് ഞങ്ങളെ ഒഴിപ്പിച്ചത്. കുടിലുകൾക്ക് അവർ തീയിട്ടു. കയ്യിൽ കിട്ടിയവരെയെല്ലാം തല്ലി ജയിലിൽ അടച്ചു. ഞാനും അഞ്ച് വയസുള്ള മകനും ഒരു മാസത്തോളം കണ്ണൂർ സെൻട്രൽ ജയിലിൽ കിടന്നു. ജയിലീന്ന് പുറത്ത് വന്നിട്ട് വളരെ കഷ്ടപ്പെട്ടിട്ടാണ് ജീവിതം കൊണ്ടുപോയത്.

*(തയ്യാറാക്കിയത്: ഷെഫീഖ്)*

**നിന്നും ആദിവാസികൾക്ക് സഹായകമായ രീതിയിലുള്ള നടപടിക്രമങ്ങൾ ഉണ്ടാകാത്ത സ്ഥിതി നിലനിൽക്കുന്നില്ലെ? അട്ടപ്പാടിയിലെ ശിശുമരണങ്ങളടക്കം അതിന്റെ കൂടി പ്രതിഫലനങ്ങളല്ലേ?**

2001ലെ പാക്കേജിന്റെ ഭാഗമായാണ് ആദിവാസി പുനഃരധിവാസ മിഷൻ നിലവിൽ വരുന്നത്. ആദിവാസികൾക്ക് ഭൂമി നൽകി പുനരധിവസിപ്പിക്കുക എന്നത് പട്ടികവർഗ്ഗ ഉപപദ്ധതിയുടെ ഭാഗമാവുകയും ചെയ്തിരുന്നു. പിന്നീട് സർക്കാറിന്റെ മുൻഗണന നഷ്ടപ്പെട്ടതോടെ ഒരു രാഷ്ട്രീയ പരിഗണനയും ഈ വിഷയത്തിൽ ഇല്ലാതെയായി. ആദിവാസി പുനരധിവാസ മിഷൻ രൂപപരമായി ഇപ്പോഴും നിലനിൽക്കുന്നുണ്ടെങ്കിലും അത് സജീവമല്ല. നേരത്തെ പറഞ്ഞതു പോലെ അതിന് ഒരു മിഷൻ ചീഫില്ല. ജില്ലാ മിഷനുകൾ ഫലത്തിൽ പ്രവർത്തിക്കുന്നില്ല. 2004ൽ ആറളം ഫാം വാങ്ങിയതിന് ശേഷം ഒരു ജില്ലയിലും ഭൂമി ഏറ്റെടുത്തിട്ടില്ല. ഏറ്റെടുക്കപ്പെട്ട ഭൂമികളിൽ തന്നെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനോ തടയാനോ സാധിച്ചിട്ടില്ല. ഭൂമി നൽകിയ പ്രദേശങ്ങളിൽ ആവശ്യമുള്ള തുടർ നടപടികളോ അവരുടെ അതിജീവനത്തിനായുള്ള കാർഷിക പദ്ധതികളോ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.

ഇതിന് കാരണം സർക്കാരിന്റെ രാഷ്ട്രീയ മുൻഗണനയിൽ ആദിവാസി പ്രശ്നങ്ങളില്ല എന്നതാണ്. ഈ പ്രശ്നത്തിലെ എല്ലാ കാര്യങ്ങളും ബ്യൂറോക്രസി അവരുടെ പതിവ് രീതിയിൽ ചെയ്യുന്നുവെന്നതാണ് ഇവിടെ സംഭവിക്കുന്നത്. ഈ സമരത്തിന്റെ തന്നെ ഗതിക്രമം നോക്കിയാൽ അറിയാം, സമരം അമ്പതിലേറെ ദിവസം പിന്നിട്ടിരിക്കുകയാണ്. ഈ സമരത്തിന് മുന്നോടിയായി കണ്ണൂരിൽ ആറളം ഫാം കേന്ദ്രീകരിച്ച് 46 ദിവസത്തോളം സഹനസമരവും സത്യാഗ്രഹവും നടന്നു. ഒരു ചർച്ച പോലും അവിടെയുണ്ടായില്ല. ആദിവാസികൾ യാചകരെ പോലെ ഇവരുടെ ഓഫീസിന് മുന്നിൽ പോയി കുത്തിയിരിക്കേണ്ടവരല്ല. സർക്കാരുമായി ഒരു കരാർ ഉള്ള വിഭാഗമാണ് ആദിവാസികൾ എ

ന്ന് അവർ മറന്നു പോകുന്നു.

ആദിവാസി പുനരധിവാസത്തിന്റെ ചെയർപേഴ്സൺ അവിടുത്തെ ജില്ലാ കളക്ടറാണ്. എന്നിട്ട് പോലും ആറളത്തെ ഗുരതരമായ പ്രശ്നങ്ങൾ സർക്കാർ തലത്തിൽ ഉന്നയിക്കപ്പെട്ടിട്ടില്ല. ആറളത്തെ സമരം തുടങ്ങി രണ്ടാഴ്ച കഴിഞ്ഞ ശേഷം മന്ത്രി ജയലക്ഷ്മി ചർച്ചയ്ക്ക് വിളിച്ചു. അതിന് രണ്ട് മാസം മുമ്പ് തന്നെ വളരെ സമഗ്രമായി തയ്യാറാക്കിയ പരാതികൾ അവരുടെ മുന്നിലെത്തിയിരുന്നു. എന്നാൽ അവർ തയ്യാറെടുപ്പ് നടത്താതെയാണ് ചർച്ച വിളിച്ചത്. ആഗസ്റ്റ് 22ന് മുഖ്യമന്ത്രി ചർച്ചയ്ക്ക് വിളിച്ചപ്പോഴും സ്ഥിതിയിൽ മാറ്റമുണ്ടായില്ല. ഇത്തരം ചർച്ചകൾക്ക് വേണ്ടി യാതൊരു തരത്തിലുള്ള പഠനങ്ങളും അവർ നടത്തുന്നില്ല. അടിസ്ഥാനപരമായ ഒട്ടേറെ പ്രശ്നങ്ങൾ ഉണ്ട്. ഈ സർക്കാർ കരാറുണ്ടാക്കിയ ഒരു മുൻ സർക്കാരിന്റെ തുടർച്ചയെന്ന നിലയിൽ ആദിവാസി പുനരധിവാസത്തെ ഗൗരവപൂർവം കാണേണ്ടതാണ്. പക്ഷെ ഇതെല്ലാം പുതിയ വിഷയം എന്ന നിലയിലാണ് ചർച്ച ചെയ്യുന്നത്.

വനാവകാശ നിയമത്തിന്റെ കാര്യത്തിൽ ആണ് മുഖ്യമന്ത്രി മുൻകൈ എടുത്ത് ഒരു ചർച്ച ആരംഭിച്ചിരുന്നത്. അപ്പോൾ വനംവകുപ്പ് അധികൃതർ പറഞ്ഞിരുന്നത് ഇനിയും നാലായിരത്തോളം വ്യക്തിഗത വനാവകാശ രേഖകൾ കൊടുക്കേണ്ടതുണ്ട് എന്നാണ്. എന്നാൽ സാമൂഹിക വനാവകാശം കേരളത്തിൽ നടപ്പാക്കിയിട്ടില്ല, വാഴച്ചാലിൽ മാത്രമാണ് അതിന് തുടക്കം കുറിച്ചത് എന്ന വിവരം ഞങ്ങൾ ശ്രദ്ധയിൽ കൊണ്ടു വന്നപ്പോൾ മുഖ്യമന്ത്രി അതിനെ ഞെട്ടലോടെയാണ് കണ്ടത്. അങ്ങനെയാണോ, എങ്കിൽ മൂന്ന് മാസത്തിനുള്ളിൽ ഇതിൽ ഒരു അന്തിമ തീർപ്പുണ്ടാക്കി വിഷയം പുനഃപരിശോധിക്കണം എന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. 2006ലെ വനാവകാശ നിയമം ദേശീയ തലത്തിൽ നിരീക്ഷിക്കപ്പെടുന്ന ഒന്നാണ്. അതിന്റെ ഗതി ഇതാണെന്ന് സംസ്ഥാന സർക്കാർ തന്നെ സ്വയം അംഗീകരിക്കുന്നതാണ് മുഖ്യമന്ത്രിയുടെ വാക്കുകളിൽ തെളിയുന്നത്.

അട്ടപ്പാടിയിലെ ശിശുമരണങ്ങൾക്ക് കാരണം ഈ മിഷന്റെ നിർജ്ജീവാവസ്ഥ തന്നെയാണ്. ഇപ്പോഴും പല മേഖലകളിലും പട്ടിണി മരണങ്ങളും രോഗങ്ങൾ മൂലമുള്ള മരണവും ഉണ്ടാകുന്നുണ്ട്. അതിന് ഏറ്റവും നല്ല ഉദാഹരണം ആറളം ഫാം തന്നെയാണ്. ഏഷ്യയിലെ ഏറ്റവും വലിയ പുനരധിവാസ പദ്ധതിയെന്ന് വിളിക്കാവുന്ന ആറളം ഫാമിൽ കുടിവെള്ളമില്ല, ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രമില്ല, വൈദ്യുതിയില്ല, കൃഷി ചെയ്യാൻ ആവശ്യമായ ഭൗതിക സഹായങ്ങളും തൊഴിലും ഇല്ല. ഭവനനിർമ്മാണ മേഖലകളിൽ കോൺട്രാക്ട് രാജ് നിലനിൽക്കുന്നു. ഏഷ്യയിലെ ഏറ്റവും വലിയ പുനരധിവാസ മേഖല ഏറ്റവും മോശപ്പെട്ട മാതൃകയായി മാറിയിരിക്കുന്നു. ആദിവാസികൾക്ക് വേണ്ടി വിലയ്ക്ക് വാങ്ങിയിരിക്കുന്ന ഭൂമിയിൽ സ്വകാര്യ വ്യക്തികൾ എങ്ങനെ കൃഷി ചെയ്യുന്നുവെന്ന് വിശദീകരിക്കാൻ പട്ടികവർഗ്ഗ വകുപ്പിന് സാധിക്കുന്നില്ല.

**ദുർബലമായിക്കൊണ്ടിരിക്കുന്ന ആദിവാസി ഭരണത്തെ നിലവിലുള്ള ഉദ്യോഗസ്ഥ മേധാവിത്ത സംവിധാനത്തിൽ നിന്നും മോചിപ്പിക്കുന്നതിനുള്ള ഉപാധി കൂടിയായിട്ടാണോ സ്വയംഭരണം എന്ന മുദ്രാവാക്യത്തെ കാണുന്നത്?**

തീർച്ചയായും അതെ, കാരണം ഇപ്പോഴുള്ള ബ്യൂറോക്രസി ഭരണത്തിൽ ഉദ്യോഗസ്ഥർ തീരുമാനിക്കുകയും അവർ തന്നെ പദ്ധതികൾ വികസിപ്പിക്കുകയും ആ പദ്ധതികൾ അവർക്ക് താൽപര്യമുള്ള എൻജിഒകൾക്ക് കൊടുക്കുകയും ചെയ്യുന്നതാണ് സ്ഥിതി. എഴുപതിലേറെ ശിശുമരണം ഉണ്ടായിട്ടുള്ള അട്ടപ്പാടിയിൽ തന്നെ ഓരോ പ്രോജക്ടും അവർക്ക് താൽപര്യമുള്ള ഏജൻസികൾക്ക് കൈമാറുകയായിരുന്നു. ഒരിക്കലും ഈ പ്രോജക്ടുകളുടെ ഗുണഭോക്താക്കൾക്ക് ഈ ഫണ്ടിംഗ് പദ്ധതികളുടെ പേരിലുള്ള യാതൊരു പ്രയോജനങ്ങളും ലഭിക്കുന്നില്ല. അട്ടപ്പാടിയിൽ ചെയ്യേണ്ടിയിരുന്നത് അവരുടെ പാരമ്പര്യ കൃഷി രീതി പുനരുജ്ജീവിപ്പിക്കുകയായിരുന്നു. കൃഷിക്ക്, ജലസേചന പദ്ധതികൾക്ക് ആവശ്യമായ ഭൗതിക സഹായങ്ങൾ സർക്കാർ നൽകണം. അതുവഴി തൊഴിലും വരുമാനവും ആരോഗ്യവും മെച്ചപ്പെടണം. ദീർഘകാല അടിസ്ഥാനത്തിൽ അട്ടപ്പാടിയിൽ സംഭവിക്കേണ്ടിയിരുന്നത് ഇതാണ്. അതിന് വേണ്ടി ഒരു ഭരണ സംവിധാനം നേരത്തെ അവിടെ സൃഷ്ടിക്കപ്പെട്ടിരുന്നു. കേരളത്തിലെ പ്രധാനപ്പെട്ട ഐ.ടി.ഡി.പി (ഇന്റഗ്രേറ്റഡ് ട്രൈബൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം) മേഖലയാണ് അട്ടപ്പാടി. ആദിവാസി ഭരണത്തിന് വേണ്ടിയുള്ള പദ്ധതിയാണ് ഐ.ടി.ഡി.പി എന്നാൽ ഇപ്പോൾ ആ ഭരണ സംവിധാനം തകർക്കപ്പെട്ടിരിക്കുന്നു. ഇന്ന് അത് വെറും നോക്കുകുത്തിയാണ്.

നല്ല ആരോഗ്യ പ്രവർത്തകരോ അംഗൻവാടി പ്രവർത്തന സംവിധാനങ്ങളോ ഇപ്പോൾ അവിടെയില്ല. ചുരുക്കിപ്പറഞ്ഞാൽ സൽഭരണത്തിന്റെ യാതൊരു മാതൃകയും



അവിടെയില്ല. എന്നാൽ അവിടേക്കുള്ള ഫണ്ട് ചില പ്രത്യേക ഏജൻസികൾക്ക് ഉദാഹരണത്തിന് കുടുംബശ്രീ, സോയിൽ കൺസർവേഷൻ തുടങ്ങിയവർക്ക് കൈമാറുന്നുമുണ്ട്. അതോടെ ഇതിന്റെ ഗുണഭോക്താക്കൾ അത്തരം ഏജൻസികളായി മാറുന്നു. ഇപ്പോൾ കമ്മ്യൂണിറ്റി കിച്ചൻ എന്ന നിലയിൽ കുടുംബശ്രീ ആദിവാസികൾക്ക് ഭക്ഷണം ഉണ്ടാക്കി കൊടുക്കുകയാണ് ചെയ്യുന്നത്. ഉൽപ്പാദന വിനിമയ ക്രമത്തിൽ ഏർപ്പെടുന്ന സാധാരണ മനുഷ്യർ എന്ന നിലയിലുള്ള ആദിവാസികളുടെ എല്ലാ ആക്ടിവിറ്റിയും ഇല്ലാതാകുകയാണ് ചെയ്യുന്നത്. മുത്തങ്ങ സമരത്തിനു ശേഷം നിലവിലുള്ള മുദ്രാവാക്യത്തെ ഞങ്ങൾ മാറ്റിയിട്ടുണ്ട്. അതിനോട് എല്ലാവർക്കും ഐക്യപ്പെടാനാകും.

**കൽപ്പറ്റയിൽ 17 ആദിവാസി കുടുംബങ്ങൾക്ക് താമസിക്കാൻ ഫ്ളാറ്റ് തയ്യാറായി കഴിഞ്ഞു. അട്ടാപ്പാടിയിൽ അഹാഡ് നടത്തുന്നതും സമാനമായ രീതികളല്ലെ? ഭൂമി പ്രശ്നത്തെ അവഗണിച്ച് ആദിവാസികൾക്ക് ഫ്ളാറ്റ് അല്ലെങ്കിൽ വീട് എന്ന കേവല പ്രശ്നത്തിലേക്ക് കാര്യങ്ങൾ ഒതുങ്ങിപ്പോകുന്നില്ലേ? ഇത്തരം പദ്ധതികൾ നിർമ്മാണ ലോബികളെ സഹായിക്കുന്നതിന് വേണ്ടിയാണോ നടത്തുന്നത്?**

അതെ, ആദിവാസികളുടെയും ജനങ്ങളുടെയും ഇടയിൽ ഈ ഫ്ളാറ്റ് പരിപാടിയോട് ശക്തമായ എതിർപ്പ് നിലനിൽക്കുന്നുണ്ട്. ഇതിൽ ആദിവാസികളുടെ ജീവനം എന്ന ആവശ്യം പരിഗണിക്കപ്പെടാതെ പോകുന്നു. പകരം നിർമ്മാണ ലോബികളുടെയും കോൺട്രാക്ടർമാരുടെയും താൽപര്യങ്ങൾ മാത്രം സംരക്ഷിക്കപ്പെടുന്നു. ആദിവാസികളെ ഭൂമിയിൽ നിന്ന് അന്യവൽക്കരിക്കാനുള്ള ഉപാധിയായാണ് കോൺക്രീറ്റ് സൗധങ്ങൾ കെട്ടിയുയർത്തപ്പെടുന്നത്. അത് പരാജയപ്പെടും. ആദിവാസികൾ ഇത്തരം ഫ്ളാറ്റുകൾക്കുള്ളിൽ നിൽക്കാൻ തയ്യാറാകുമെന്ന് എനിക്ക് തോന്നുന്നില്ല. നഗരപ്രദേശങ്ങളിലെ തന്നെ ഫ്ളാറ്റ് സമുച്ചയങ്ങൾ പലതും ഇന്ന് കാലിയാണ്. അത്രപോലും ആദിവാസികൾ ഇതിനോട് ചേർന്നു നിൽക്കാൻ സാധ്യതയില്ല.

പഞ്ചായത്ത് തലത്തിലൊക്കെയാണ് ഇത്തരം പദ്ധതികൾ ആവിഷ്കരിക്കപ്പെടുന്നത്. പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ചില നിർമ്മാണ ലോബികൾ ആണ് ഇതിന് പിന്നിലുള്ളത്. ആദിവാസി മന്ത്രിക്ക് ഇക്കാര്യത്തിൽ വ്യക്തമായ കാഴ്ചപ്പാടില്ലാത്തതിന്റെ പ്രശ്നവും ഇതിലുണ്ട്. അവർ തീരുമാനിക്കുന്നത് അവരുടെ ഉദ്യോഗസ്ഥർ ആവിഷ്കരിക്കുന്ന പദ്ധതികൾ മാത്രമാണ്. ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ പലതും വർഷങ്ങളായി പൂർത്തിയാകാതിരിക്കുന്നുണ്ട്. ഭൂമി അനുവദിച്ചിട്ടും ഭവന നിർമ്മാണം ആരംഭിക്കാത്ത എത്രയോ ആദിവാസികൾ ഉണ്ട്. ഇതിന് ഒരു കാരണം സർക്കാർ വാഗ്ദാനം ചെയ്ത സഹായം ലഭിച്ചില്ല എന്നതാണെങ്കിൽ മറ്റൊരു കാരണം നിർമ്മാണ ലോബികൾ ഇത്തരം നിർമ്മാണങ്ങളിൽ ആധിപത്യം സ്ഥാപിച്ചിരിക്കുന്നതാണ്. അനുവദിച്ച ഫണ്ട് തികയാതെ വന്ന് ഭവന നിർമ്മാണം നിർത്തി വച്ചിരിക്കുന്ന സാഹചര്യങ്ങളുമുണ്ട്.

ആദിവാസി ഭരണത്തെ ദുർബലപ്പെടുത്തുന്നതിനുള്ള ഉപകരണമായി ആദിവാസി മന്ത്രിയെ മുന്നിൽ വച്ചിരിക്കുകയാണ് സർക്കാർ. ഒരു ആദിവാസിയെ മന്ത്രിയാക്കി എന്തോ വിശാലമായ കാര്യം ചെയ്തു എന്ന മനോഭാവം സൃഷ്ടിക്കുകയും എന്നാൽ സർക്കാരിന് ആദിവാസി നയമില്ലാത്തതിന്റെ മുഴുവൻ ഭാരവും ഈ പാവപ്പെട്ട സ്ത്രീയുടെ തലയിൽ ചുമത്തുകയുമാണ് ഉമ്മൻചാണ്ടി സർക്കാർ ചെയ്തിരിക്കുന്നത്. വളരെ ഗൗരവമുള്ള വിഷയമാണിത്.

**ഇടതുപക്ഷ സർക്കാരിന്റെ ഭാഗത്തുനിന്നും ആദിവാസി പ്രശ്നത്തിൽ അവഗണനകളുണ്ടായിട്ടില്ലെ? ഭരി പാർട്ടി സംവിധാനം ആ**

**ദിവാസി പ്രശ്നത്തിൽ എന്തെങ്കിലും ഗുണം ചെയ്തിട്ടുണ്ടോ?**
ദ്വി പാർട്ടി സംവിധാനം ഒരു രീതിയിലും ആദിവാസി പ്രശ്നങ്ങളെ സഹായിച്ചിട്ടില്ല. ഇടതുപക്ഷ സർക്കാർ നിലവിലിരുന്നപ്പോഴും നേരത്തെ പറഞ്ഞ പ്രശ്നങ്ങൾ ഒന്നല്ലെങ്കിൽ മറ്റൊരുവിധത്തിൽ ആദിവാസികളെ ദ്രോഹിച്ചിട്ടേ ഉള്ളൂ. ഇടതുപക്ഷ-സെക്കുലർ ചിന്തകൾ ഉള്ള ഒരു വിഭാഗമാണ് കേരളമെങ്കിൽ പോലും അത്തരത്തിലുള്ള പരിഗണനയൊന്നും ഇടതുപക്ഷ സർക്കാരിൽ നിന്ന് ആദിവാസികൾക്ക് ലഭിച്ചിട്ടില്ല. കഴിഞ്ഞ ഇടതുപക്ഷ സർക്കാരിനും ആദിവാസി സമരങ്ങളെ തകർക്കാൻ ഇതിനേക്കാൾ ശക്തമായ നീക്കമുണ്ടായിരുന്നു. കുടിലുകൾ പൊളിച്ചു മാറ്റാൻ കോടതിയെ പരോക്ഷമായി സമീപിക്കലൊക്കെ അതിന്റെ ഭാഗമാണ്. ഇതൊന്നുമല്ലാതെ പാർട്ടി സഖാക്കളെ ഉപയോഗിച്ച് കുടിലുകൾ പൊളിച്ചു മാറ്റി. ബോംബെറിയാനുള്ള ശ്രമങ്ങളും നടന്നിട്ടുണ്ട്.

സർവകക്ഷി യോഗങ്ങൾ വിളിച്ചു ചേർത്ത് സമരത്തെ തകർക്കാനുള്ള ശ്രമങ്ങളും അന്ന് നടന്നിരുന്നു. ആദിവാസികൾ കള്ളു കുടിച്ച് വീണ് മരിക്കുകയാണ് എന്ന രീതിയിലൊക്കെയുള്ള പ്രചരണം നടത്തിയിട്ടുണ്ട്. അതൊക്കെ നടക്കുമ്പോഴും ജനാധിപത്യ രീതിയിലുള്ള ചർച്ചകളും തുടർന്നിരുന്നു. എന്നാൽ ആന്റണി സർക്കാരാണ് ആദിവാസികളുമായി ഒരു ടേബിൾ ലെവൽ ചർച്ചകൾക്ക് ആദ്യമായി തയ്യാറായത്. ആദിവാസി എന്ന വിഭാഗം ഇവിടെയുണ്ടെന്ന് പൊതുസമൂഹത്തിന് തോന്നാൻ ആന്റണി സർക്കാർ സഹായിച്ചിട്ടുണ്ട്. മുത്തങ്ങയിലെ വെടിവെയ്പ്പും മറ്റുമുണ്ടായതും ആ കാലഘട്ടത്തിലാണെങ്കിൽ പോലും അത് അംഗീകരിക്കേണ്ടതാണ്. ഇപ്പോഴത്തെ മുഖ്യമന്ത്രിയുമായി ചർച്ചയ്ക്ക് പോയപ്പോഴും അദ്ദേഹം ചോദിച്ച ചോദ്യം ഞാൻ നിങ്ങളെ എപ്പോഴെങ്കിലും കേൾക്കാതിരുന്നിട്ടുണ്ടോ എന്നതാണ്. ഞങ്ങൾക്ക് അതിനുള്ള മറുപടി, അദ്ദേഹം ഞങ്ങളോട് സംസാരിക്കാൻ സമയവും സ്ഥലവും എല്ലാം തരാറുണ്ട്, പക്ഷെ ഫലമുണ്ടാകാറില്ല എന്നതാണ്.

> വ്യക്തിപരമായ രീതിയിലല്ലാതെ സാമൂഹിക നീതി എന്ന നിലയിലാണ് ആദിവാസി പ്രശ്നത്തെ സമീപിക്കേണ്ടത്. സാമൂഹിക നീതിയെന്ന ആശയത്തെ ഇന്ത്യൻ രാഷ്ട്രീയം സംവരണം എന്നതിലേക്ക് ചുരുക്കിയെടുത്തു. സാമൂഹിക നീതി എന്നത് വിഭവങ്ങളുടെ വിനിയോഗവും വിഭവങ്ങളുടെ പങ്കിടലും മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ഇടപെടലും എല്ലാമാണ്. അത് വ്യക്തിപരമായ രാഷ്ട്രീയത്തിൽ നിന്ന് ഏറെ അകലെ നിൽക്കുന്ന ഒന്നാണ്.

**മുത്തങ്ങ വെടിവയ്പ്പിന് ശേഷം സി.കെ. ജാനുവും ഗീതാനന്ദനുമെല്ലാം വലിയ മാധ്യമ വിചാരണ നേരിടേണ്ടി വന്നിരുന്നല്ലോ? മാധ്യമങ്ങൾ അന്ന് ആന്റണി പറഞ്ഞതിന്റെ ബാക്കിയാണ് സംസാരിച്ചത്. അതായത് എൽടിടിഇ ഉൾപ്പെടെയുള്ള ഭീകര സംഘടനകളുമായി നിങ്ങൾക്ക് ബന്ധമുണ്ട് എന്ന നിലയിലായിരുന്നു എഴുത്ത്. വർഷങ്ങൾ കഴിഞ്ഞിട്ടും ആദിവാസി സമരങ്ങളോടുള്ള (നിൽപ്പ് സമരം) മുഖ്യധാര മാധ്യമങ്ങളുടെ സമീപനത്തിൽ വ്യത്യാസം വന്നിട്ടില്ല. അനിഷ്ടകരമായ എന്തെങ്കിലുമുണ്ടായാൽ മുത്തങ്ങയോട് ചെയ്തതിന് സമാനമായ രീതി മാധ്യമങ്ങൾ ഇന്നും തുടരുന്നില്ലേ?**

അപൂർവം ചില ലേഖനങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷെ ഒരു മാസ് മീഡിയ എന്ന നിലയിൽ അവർ ഈ സമരത്തെ ഇനിയും പിന്തുണച്ചിട്ടില്ല. പിന്നെ അനിഷ്ടകരമായി ഒന്നും സംഭവിക്കാതിരിക്കട്ടെ എന്ന് നമുക്ക് ആഗ്രഹിക്കാം. അതിനുള്ള സാധ്യതയും കുറവാണ്. കാരണം ഇന്നത്തെ കേരള സമൂഹം വളരെ ജാഗ്രതയുള്ളവരാണ്. മാധ്യമങ്ങൾ ഇതിനെ ഗൗരവത്തിലെടുത്തിട്ടില്ല എന്നത് ശരിയാണ്. പക്ഷെ, സോഷ്യൽ മീഡിയകൾ സമരത്തെ നന്നായി പിന്തുണയ്ക്കുന്നുണ്ട്. മാസ്മീഡിയ, പ്രത്യേകിച്ചും പത്രങ്ങളാണ് പ്രധാനമായും അവഗണിക്കുന്നത്. സമരം അവർ കാണാത്തതുകൊണ്ടല്ല. ഏതൊക്കെ ദൃശ്യവൽക്കരിക്കണമെന്നും ഏതൊക്കെ അദൃശ്യവൽക്കരിക്കണമെന്നും അവർക്കൊരു തീരുമാനങ്ങളുണ്ട്.

ഒരു ജനാധിപത്യ പ്രശ്നമെന്ന നിലയിൽ ആദിവാസി പ്രശ്നത്തിന് പരിഗണനന ലഭിക്കുന്നില്ല എന്നത് അപകടകരമായ സൂചനയാണ്. ഒരുപക്ഷെ ഇതുപോലെ ഒട്ടേറെ ജനാധിപത്യ പ്രശ്നങ്ങൾ ഉള്ളതുകൊണ്ടായിരിക്കാം. പക്ഷെ ആദിവാസി സമരത്തെ

ഒരു ജനാധിപത്യ പ്രശ്നമായി അവതരിപ്പിക്കാൻ മാധ്യമങ്ങൾക്ക് കഴിയുന്നില്ല. സോഷ്യൽ മീഡിയയിൽ അത്തരം ചർച്ചകൾ നടക്കുന്നുണ്ട്. അതിന്റെ പ്രതിഫലനങ്ങളുമുണ്ട്. എങ്കിലും സോഷ്യൽ മീഡിയയ്ക്ക് അതിന്റേതായ പരിമിതികളുണ്ട്. ഏതായാലും മുഖ്യധാരാ മാധ്യമങ്ങളുടെ പിന്തുണ കൂടി ലഭിച്ചിരുന്നെങ്കിൽ നിൽപ്പ് സമരം വളരെയേറെ വിപുലീകരിക്കപ്പെട്ടേനെ. മാധ്യമങ്ങൾ അവഗണിച്ചെങ്കിലും ജനങ്ങളുടെ ഇടയിൽ ഇത് പല രീതിയിലും ചർച്ച ചെയ്യപ്പെട്ട് തുടങ്ങിയിട്ടുണ്ട്.

**മുത്തങ്ങ സമരത്തിന് തൊട്ട് മുമ്പെ സാമുദായിക ശാക്തീകരണത്തിലൂടെ രാഷ്ട്രീയ ശാക്തീകരണം കൈവരിക്കാമെന്നുള്ള ധാരണ ഗോത്രമഹാസഭ തീരുമാനിച്ചിരുന്നു. അന്ന് പ്രധാനമായും പറഞ്ഞിരുന്നത് യു.പിയിലെയും ബിഹാറിലെയും ആദിവാസി വിഭാഗങ്ങൾ നിർണായക അധികാര ശക്തികളായത് സാമുദായിക-രാഷ്ട്രീയ ശാക്തീകരണത്തിലൂടെയാണ് എന്നതായിരുന്നു. അതിന്റെ ഭാഗമായി രാഷ്ട്രീയ മഹാസഭ രൂപം കൊള്ളുകയും ചെയ്തു. പക്ഷെ പിന്നീടെന്താണ് രാഷ്ട്രീയ മഹാസഭയ്ക്ക് സംഭവിച്ചത്?**

നിങ്ങൾ പറഞ്ഞ രീതിയിലായിരുന്നില്ല രാഷ്ട്രീയ മഹാസഭ രൂപീകരിക്കപ്പെട്ടത്. ബിഎസ്പിയെ പിൻപറ്റിയല്ല ഞങ്ങൾ അതിനെ കണ്ടിരുന്നത്. ഞങ്ങൾ അന്ന് ഒരു മുദ്രാവാക്യം മുന്നോട്ട് വച്ചിരുന്നു-സാമൂഹിക നീതി, സ്വയംഭരണം, വിഭവാധികാരം. മുത്തങ്ങ പ്രക്ഷോഭം മുന്നോട്ട് വച്ച മുദ്രാവാക്യമാണത്. അങ്ങനെയാണ് രാഷ്ട്രീയ മഹാസഭ പ്രവർത്തനമാരംഭിക്കുന്നത്. ഉത്തരേന്ത്യയിലുണ്ടായ രാഷ്ട്രീയ ശാക്തീകരണം വ്യക്തിപരമായിരുന്നു. പാർലമെന്ററി സംവിധാനത്തിൽ കയറിപ്പറ്റാനുള്ള തന്ത്രമായാണ് അവർ അതിനെ ഉപയോഗിച്ചത്. രാഷ്ട്രീയ മഹാസഭയുടെ ലക്ഷ്യം അതായിരുന്നില്ല. ആദിവാസികളുടെ സമുദായം എന്ന നിലയിലാണ് അത് സംവിധാനം ചെയ്യപ്പെട്ടത്.

വ്യക്തിപരമായ രീതിയിലല്ലാതെ സാമൂഹിക നീതി എന്ന നിലയിലാണ് ആദിവാസി പ്രശ്നത്തെ സമീപിക്കേണ്ടത്. സാമൂഹിക നീതിയെന്ന ആശയത്തെ ഇന്ത്യൻ രാഷ്ട്രീയം സംവരണം എന്നതിലേക്ക് ചുരുക്കിയെടുത്തു. സാമൂഹിക നീതി എന്നത് വിഭവങ്ങളുടെ വിനിയോഗവും വിഭവങ്ങളുടെ പങ്കിടലും മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ഇടപെടലും എല്ലാമാണ്. അത് വ്യക്തിപരമായ രാഷ്ട്രീയത്തിൽ നിന്ന് ഏറെ അകലെ നിൽക്കുന്ന ഒന്നാണ്. അത്തരത്തിലൊരു ആശയമാണ് രാഷ്ട്രീയ മഹാസഭയുടെ രൂപീകരണത്തിന് വഴിവച്ചത്. അത്തരത്തിലൊരു ആശയം കേരളത്തിലെ പൊതുസമൂഹത്തിൽ നിന്ന് രൂപപ്പെടാത്തിടത്തോളം വികേന്ദ്രീകരിച്ച് കിടക്കുന്ന ആദിവാസികളുടെ മാത്രമായ ഒരു പ്രസ്ഥാനമായി ഇത് മാറപ്പെടും. ഇത് കേരളത്തിലെ എല്ലാ ജനങ്ങളുടെയും പ്രസ്ഥാനമാണെന്ന ചിന്ത ഇവിടെ ഉണ്ടാകുന്നില്ല. അതിനാലാണ് രാഷ്ട്രീയ മഹാസഭയുടെ പ്രവർത്തനങ്ങൾ മരവിച്ചത്. എന്തായാലും ആ ആശയം ഞങ്ങൾ ഉപേക്ഷിച്ചിട്ടില്ല. സമാനമായ ഒരു രാഷ്ട്രീയ വിഷയവുമായി ഏതെങ്കിലും ജനവിഭാഗം മുന്നോട്ട് വരുമ്പോൾ അവരുമായി ഞങ്ങൾക്ക് ഐക്യപ്പെടാനായേക്കും.

2004ലെ പാർലമെന്റ് തെരഞ്ഞെടുപ്പിലും 2006ലെ നിയമസഭ തെരഞ്ഞെടുപ്പിലും രാഷ്ട്രീയ മഹാസഭ മത്സരിച്ചിരുന്നു. നേരത്തെ പറഞ്ഞ സാഹചര്യമുണ്ടായാൽ ഇനിയും തെരഞ്ഞെടുപ്പുകളെ നേരിടാൻ അതിന് സാധിക്കും. 2007 വരെ സജീവമായിരുന്നെങ്കിലും പിന്നീട് ഞങ്ങൾ അതിന്റെ പ്രവർത്തനത്തെ മരവിപ്പിക്കുകയാണ് ചെയ്തത്. ദലിത് ആക്ടിവിസ്റ്റുകൾ പലരും ഈ രാഷ്ട്രീയത്തിൽ നിന്നും വിട്ടുപോയി. ആദിവാസികളുടെ മാത്രം പ്രശ്നമായി ഇതിനെ കണ്ടതാണ് അതിനു കാരണം.

**കുടിൽകെട്ടി സമരത്തിന്റെ പരാജയമാണ് നിൽപ്പ് സമരത്തിലെത്തിയത്. നിൽപ്പ് സമരം ഇനിയും നീണ്ടാൽ എന്തായിരിക്കും അടുത്ത ഘട്ടം?**

എന്റെ വ്യക്തിപരമായ തോന്നൽ സമയം നീളുന്തോറും സമരം ജനകീയമാകും എന്നാണ്. മറ്റ് സമരങ്ങൾ പോലെയല്ല ഇത്. നിൽപ്പ് എന്ന് പറയുന്നത് മനുഷ്യ മനസ്സിനെ വല്ലാതെ വേട്ടയാടുന്ന ഒരു കാര്യമാണ്. ഒരാൾ നിരാഹാരം കിടക്കാൻ തീരുമാനിക്കുന്നത് പോലെ തന്നെയാണ് നിൽക്കാൻ തീരുമാനിക്കുന്നതും. സമരം മുന്നോട്ട് പോകുന്തോറും കൂടുതൽ ആളുകൾ ഇതിലേക്ക് എത്തിച്ചേരുന്നുണ്ട്. ഒരേ ആളുകളെ നിർത്തിയല്ല ഈ സമരം ഇതുവരെ എത്തിനിൽക്കുന്നത്. വരുന്ന സമരക്കാരൻ പത്തോ പന്ത്രണ്ടോ ദിവസങ്ങളോ, ചിലപ്പോൾ രണ്ടാഴ്ച വരെയും ഇവിടെ നിൽക്കുന്നുണ്ട്. അവർ പോകുമ്പോൾ പുതിയ ആളുകൾ സമരപ്പന്തലിൽ എത്തുന്നു. അതുകൊണ്ടുള്ള ഗുണം കൂടുതൽ ആളുകൾക്ക് ഇതിൽ പങ്കാളികളാകാൻ സാധിക്കും എന്നതാണ്. വേണമെങ്കിൽ ഇതിനെ ഒരു മനുഷ്യച്ചങ്ങല പോലെ സംഘടിപ്പിച്ച് നൂ

➪ സമരപ്പന്തലിൽ ഒരു ദിവസത്തെ ഭക്ഷണം എത്തിച്ചത് സ്കൂൾ കുട്ടികളായിരുന്നു ➪

## ആദിവാസി നിയമങ്ങളുടെ സാധ്യതകൾ

**1.** ആദിവാസികളെ-തദ്ദേശീയ ജനവിഭാഗങ്ങളെ (Indigenous People) പട്ടികവർഗ്ഗ വിഭാഗങ്ങളായാണ് ഭരണഘടനാപരമായി കണക്കാക്കിയിട്ടുള്ളത്. ഭരണഘടനയുടെ 244 വകുപ്പിന്റെ ഭാഗമായ അഞ്ചാം പട്ടികയിലും ആറാം പട്ടികയിലും പട്ടികപ്രദേശങ്ങളുടെയും പട്ടികവർഗ്ഗങ്ങളുടെയും ഭരണവും നിയന്ത്രണവും സംബന്ധിച്ച വ്യവസ്ഥകൾ നിർവചിച്ചിട്ടുണ്ട്. ആറാം പട്ടികയിൽ ആസാം, മേഘാലയ, ത്രിപുര, മിസോറാം തുടങ്ങിയ ആദിവാസി ഭൂരിപക്ഷപ്രദേശങ്ങളെ സംബന്ധിച്ചും, അഞ്ചാം പട്ടികയിൽ ഈ സംസ്ഥാനങ്ങൾ ഒഴികെയുള്ള സംസ്ഥാനങ്ങളിലെ ആദിവാസികളെ സംബന്ധിച്ചുമുള്ള വ്യവസ്ഥകളാണ് നിർവചിച്ചിട്ടുള്ളത്.

**2.** പട്ടിക പ്രദേശങ്ങളുടെ ഭരണത്തിന്റെ പൂർണ്ണമായ നിയന്ത്രണവും മേൽനോട്ടവും ഇന്ത്യൻ പ്രസിഡന്റിനാണ്. സംസ്ഥാന ഗവർണർ വാർഷികമായി, അല്ലെങ്കിൽ പ്രസിഡന്റ് ആവശ്യപ്പെടുന്ന ഏത് സമയത്തും ആ സംസ്ഥാനത്തെ പട്ടിക പ്രദേശങ്ങളുടെ ഭരണത്തെ സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസിഡന്റിന് സമർപ്പിക്കേണ്ടതാണ്. പട്ടികവർഗ്ഗക്കാരുടെ ഭൂമി കൈമാറ്റവും, നിയന്ത്രണവും നിരോധനവും സംബന്ധിച്ച നിയമങ്ങൾ, അത്തരം മേഖലകളിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട അംഗങ്ങൾക്ക് ഭൂമി അനുവദിക്കുന്നത് നിയന്ത്രിക്കൽ, പണം പലിശക്ക് കൊടുക്കുന്നത് നിയന്ത്രിക്കൽ തുടങ്ങിയവ സംബന്ധിച്ച നിയമങ്ങളും ചട്ടങ്ങളും ഗവർണർക്ക് ഉണ്ടാക്കാവുന്നതാണ്. പാർലമെന്റ് അല്ലെങ്കിൽ സംസ്ഥാന നിയമസഭ മേൽപ്പറഞ്ഞ നിയമങ്ങളും ചട്ടങ്ങളും രൂപീകരിക്കുമ്പോൾ, പ്രസ്തുത നിയമം റദ്ദാക്കാനോ/ ഭേദഗതി ചെയ്യാനോ ഉള്ള അധികാരവും ഗവർണറിൽ നിക്ഷിപ്തമാണ്. മേൽപറഞ്ഞ എല്ലാ നിയമങ്ങളും ഉടനെതന്നെ പ്രസിഡന്റിന് സമർപ്പിക്കേണ്ടതാണ്. പ്രസിഡന്റിന്റെ അംഗീകാരം കിട്ടുന്നതുവരെ അവയ്ക്ക് നിയമപരമായ പ്രാബല്യമുണ്ടായിരിക്കില്ല. ആദിവാസികളുടെ സൽഭരണത്തിന് വിപുലമായ സാധ്യതകളാണ് ഭരണഘടന വിഭാവനം ചെയ്തിട്ടുള്ളത്. കേരളം ഇത് ഗൗരവപൂർവ്വം ആലോചിച്ചിട്ടില്ല.

**3.** ഭരണഘടനയുടെ 339 -ാം വകുപ്പ് അനുസരിച്ച് 1960 ൽ നിയമിക്കപ്പെട്ട യു.എൻ. ദേബർ കമ്മീഷൻ ഏതെല്ലാം മേഖലകൾ പട്ടികവർഗ്ഗ പ്രദേശമായി ഉൾപ്പെടുത്തണമെന്ന അന്വേഷണം നടത്തുകയുണ്ടായി. 1064 സ്ക്വയർ മൈൽ ഭൂപ്രദേശം (1,76,129 ജനസംഖ്യ) പട്ടികവർഗ്ഗ മേഖലയായി പ്രാഖ്യാപിക്കണമെന്ന് കേരളം നിർദ്ദേശിച്ചു. എന്നാൽ 50 വർഷത്തിനിടയിൽ ഭരണഘടനാ തത്വങ്ങളിൽ നിന്നും, ആദിവാസി പ്രശ്നവുമായി ബന്ധപ്പെട്ട ദേശീയ നയങ്ങളിൽ നിന്നും കേരളം പിറകോട്ടുപോയി.

**4.** ആദിവാസി ഭൂസംരക്ഷണ നിയമങ്ങൾ ദുർബ്ബലപ്പെടുത്തുന്ന ഒരു ദശകത്തിലൂടെയാണ് 1990-2000 കാലഘട്ടത്തിൽ കേരളം കടന്നുപോയതെങ്കിൽ, ദേശീയതലത്തിൽ ഫലപ്രദമായ നിർമ്മാണങ്ങൾ നടന്നിട്ടുണ്ട് 1994 ൽ ദേശീയതലത്തിൽ പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ വന്നതിന്, ഭരണഘടനയിലെ 5-ാം പട്ടിക പ്രദേശങ്ങൾക്ക് ബാധകമായ ആദിവാസി പഞ്ചായത്ത് രാജ് നിയമം (പെസ ആക്ട്) 1996-ൽ പാർലമെന്റ് പാസ്സാക്കി. പ്രസ്തുത നിയമമനുസരിച്ച് ആദിവാസി ഊരുകളെ ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്തുകൾക്ക് രൂപം നൽകേണ്ടതാണ്. ഭൂമിയുടെ ക്രയവിക്രയം നിയന്ത്രിക്കൽ, ഫണ്ടിന്റെ വിനിയോഗം, ചെറുവനവിഭവങ്ങളുടെ നിയന്ത്രണം, പ്രാദേശിക സ്ഥാപനങ്ങളുടെ നിയന്ത്രണം തുടങ്ങി വിവിധ വിഷയങ്ങളിൽ ആദിവാസികളുടെ നിയന്ത്രണം ഉറപ്പുവരുത്തി അവരെ ശാക്തീകരിക്കാൻ നിയമത്തിൽ വ്യവസ്ഥയുണ്ട്.

റിലേറെ പേരെ ഒറ്റയടിക്ക് പങ്കെടുപ്പിക്കാം. എന്നാൽ പ്രമുഖർ ഉൾപ്പെടെ ആയിരക്കണക്കിന് ആളുകൾ സമരത്തിൽ ഇതിനകം പങ്കെടുപ്പിക്കാൻ സാധിച്ചത് ഈ രീതിയിലുള്ള സമരമുറയായതിനാലാണ്. പൊതുസമൂഹം ഈ സമരത്തെ ഏറ്റെടുത്തു തുടങ്ങി. അതിൽ സൈദ്ധാന്തികരുണ്ട്, സാമൂഹിക-രാഷ്ട്രീയ പ്രവർത്തകരുണ്ട്, സിനിമ താരങ്ങൾ ഉണ്ട്, സ്കൂൾ കുട്ടികളുണ്ട്...നമുക്കതിനെ തരംതിരിക്കാനാകില്ല. സമരപ്പന്തലിൽ ഒരു ദിവസത്തെ ഭക്ഷണം എത്തിച്ചത് സ്കൂൾ കുട്ടികളായിരുന്നു. അത്രമാത്രം ജനമനസുകളിൽ എത്തിച്ചേർന്ന ഈ സമരം ഇങ്ങനെ നിന്ന് തന്നെ പരിഹാരം കണ്ടെത്താൻ സാധിച്ചേക്കും എന്നാണ് എന്റെ പ്രതീക്ഷ.

**മുത്തങ്ങ സമരത്തിന് നേതൃത്വം നൽകിയ ജാനുവും ഗീതാനന്ദനും തന്നെയാണ് നിൽപ്പ് സമരത്തിനും നേതൃത്വം നൽകുന്നത്. ഈ സമരത്തിൽ ഒരു നേതൃപരമായ പോരായ്മ നിലനിൽക്കുന്നില്ലേ?**

അന്ന് സമരത്തിന് നേതൃത്വം നൽകിയത് ദലിത് യുവാക്കളായിരുന്നു. ആ സമരം ആദിവാസി പ്ലാറ്റ്ഫോം എന്ന ലക്ഷ്യത്തോടെയായിരുന്നില്ല. ദലിത്-ആദിവാസി എന്ന ഒരു രാഷ്ട്രീയ കൂടിച്ചേരൽ ആയിരുന്നു അന്നത്തെ ലക്ഷ്യം. നിരവധി ദലിത് ആക്ടിവിസ്റ്റുകൾ ആ സമരത്തെ ഏറ്റെടുത്തിരുന്നു. ജാനുവിന് ചുറ്റും അവരുടെയൊക്കെ വലിയൊരു വലയം അന്ന് ഉണ്ടായിരുന്നു. അവരൊക്കെ അവരുടേതായ സാമൂഹിക പ്ലാറ്റ്ഫോമുകളിലേക്ക് മാറിയപ്പോഴാണ് ഗോത്രമഹാസഭ എന്ന പ്ലാറ്റ്ഫോം ഉണ്ടാകുന്നത്. ഗോത്രമഹാസഭയുടെ അസ്ഥിത്വത്തെ എല്ലാവർക്കും ഉൾക്കൊള്ളാനായിരുന്നില്ല എന്നതും പ്രശ്നമായിരുന്നു. ഒരു ദലിത് ആദിവാസി മുന്നണിയിൽ, സ്വയംഭരണ അവസ്ഥയിൽ പ്രവർത്തിക്കുന്ന ഗോത്രസഭയായി മുന്നോട്ട് പോകും എന്ന കാര്യത്തിൽ പല ദലിത് യുവാക്കളും സംശയാലുക്കളായിരുന്നു.

⇨ ബിജു സമരത്തിൽ ആവേശത്തിൽ പങ്കെടുക്കുകയും രോഗം മൂർച്ഛിക്കുകയുമാണുണ്ടായത് ⇨

**5.** പെസ നിലവിൽ വരുന്നതിന്റെ ഭാഗമായി 1994ൽ കേന്ദ്ര സർക്കാർ നിയോഗിച്ച ദിലീപ് സിംഗ് ഭൂരിയ കമ്മിറ്റി റിപ്പോർട്ട് 5-ാം പട്ടിക പ്രദേശങ്ങൾക്ക് വേണ്ടിയുള്ള വ്യക്തമായ ഭരണരൂപം നിർദ്ദേശിച്ചിരുന്നു. അഞ്ചാം പട്ടികയിൽ പട്ടികവർഗ്ഗമേഖലകൾ തരംതിരിക്കുന്നതിനുള്ള വ്യക്തമായ മാനദണ്ഡങ്ങൾ നിർവ്വചിക്കാത്തതിനാൽ, സംസ്ഥാന സർക്കാരുകൾ പൊതുവായ ചില മാനദണ്ഡങ്ങളാണ് സ്വീകരിച്ചുവന്നിരുന്നത്. ആദിവാസി ജനസംഖ്യ, ഒരു പട്ടികവർഗ്ഗ പ്രദേശത്തിന്റെ വ്യാപ്തി, ജില്ലാ-ബ്ലോക്ക്-താലൂക്ക് തുടങ്ങിയ ഭരണയൂണിറ്റുകളാക്കാനുള്ള സാധ്യത, സാമ്പത്തിക പിന്നാക്കവസ്ഥ എന്നിവയാണ് കണക്കിലെടുത്തത്. എന്നാൽ ഭൂരിയ കമ്മിറ്റി "ഒരു അധിവാസകേന്ദ്രം, അല്ലെങ്കിൽ ഗ്രാമസഭ, അതുമല്ലെങ്കിൽ ഒരു വില്ലേജ്, അല്ലെങ്കിൽ അധിവാസ കേന്ദ്രങ്ങളുടെ കൂട്ടം" എന്നിവ പ്രാഥമിക യൂണിറ്റായി കണക്കാക്കി.

**6.** പെസ നിയമം കേരളത്തിൽ നടപ്പാക്കിയില്ലെങ്കിലും, ആദിവാസികളെ ശാക്തീകരിക്കാനുള്ള ചില ശ്രമങ്ങൾ നടന്നിട്ടുണ്ട്. കേരള പഞ്ചായത്തീരാജ് നിയമത്തിന്റെ ഭാഗമായി പട്ടികവർഗ്ഗക്കാരുടെ പ്രത്യേക ഗ്രാമസഭ ചേരണമെന്ന നിർദ്ദേശം, ട്രൈബൽ സബ്ബ് പ്ലാൻ ഫണ്ട് ആദിവാസികളായ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ തദ്ദേശസ്വയംഭരണവകുപ്പ് ഇറക്കിയ ഉത്തരവുകൾ, ആദിവാസി പുനരധിവാസ മിഷൻ നിലവിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വികസന ഫണ്ടിന്റെ വിനിയോഗം ഉറപ്പുവരുത്താൻ ഊര് വികസന സൊസൈറ്റികൾക്ക് രൂപം നൽകാൻ നിർദ്ദേശിച്ചുകൊണ്ട് പട്ടികവർഗ്ഗ വികസന വകുപ്പ് ഇറക്കിയ സർക്കാർ ഉത്തരവ് തുടങ്ങിയവ അതിൽ ചിലതാണ്. എന്നാൽ ആദിവാസി ഊരുക്കൂട്ടങ്ങൾക്ക് ഗ്രാമസഭാപദവി നൽകി സ്വയം പ്രവർത്തിക്കുന്ന ജനാധിപത്യ സംവിധാനങ്ങളാകുന്നതിനുള്ള സ്വാതന്ത്ര്യവും നിയമപരമായ അംഗീകരാവും നിഷേധിക്കുന്നതിനാൽ ആദിവാസികളെ ശാക്തീകരിക്കാൻ നിലവിലുള്ള ഊരുക്കൂട്ടങ്ങൾക്ക് കഴിയുന്നില്ല.

**7.** 2006 ലെ കേന്ദ്രവനാവകാശ നിയമം, വനാവകാശം അംഗീകരിക്കുന്നതിനും വനസംരക്ഷണത്തിനുമുള്ള പ്രാദേശിക സംവിധാനമായി പെസ നിയമം അനുസരിച്ചുള്ള ഗ്രാമസഭകൾക്കാണ് പ്രാമുഖ്യം നൽകിയിരിക്കുന്നത്. കേരളത്തിൽ പെസ നിയമം പ്രാബല്യത്തിൽ ഇല്ലാത്തതിനാൽ, വനമേഖലയിലെ ആദിവാസി ഊരുകൂട്ടങ്ങൾക്ക് ഗ്രാമസഭ എന്ന നിലയിൽ അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ വനാവകാശരേഖ നൽകാനുള്ള താൽക്കാലിക സംവിധാനമായി മാത്രമേ ഇത് ഉപയോഗപ്പെടുത്തപ്പെടുന്നുള്ളൂ. പെസ നിയമം പ്രാബല്യത്തിലില്ലാത്തതിനാലും, 2006ലെ വനാവകാശ നിയമമനുസരിച്ചുള്ള 'കമ്മ്യൂണിറ്റി ഫോറസ്റ്റ് റൈറ്റ്' പൂർണ്ണമായും നടപ്പാക്കാത്തതിനാലും വനാവകാശ നിയമത്തിന്റെ ഭാഗമായി ഗ്രാമസഭകളായി അംഗീകരിച്ച ഊരുക്കൂട്ടങ്ങൾ പ്രവർത്തനക്ഷമമാകുന്നില്ല.

**8.** 2001 -ൽ നടന്ന ആദിവാസികളുടെ കുടിൽകെട്ടൽ സമരം അവസാനിപ്പിച്ചുകൊണ്ടുള്ള ഒത്തുതീർപ്പ് വ്യവസ്ഥയിൽ ആദിവാസികളുടെ കൈവശമുള്ള ഭൂപ്രദേശവും പുതുതായി പതിച്ചുകൊടുക്കുന്ന ഭൂപ്രദേശങ്ങളും പട്ടികവർഗ്ഗ മേഖലകളായി പ്രഖ്യാപിക്കുമെന്ന് പറഞ്ഞിരുന്നു. ഒത്തുതീർപ്പ് വ്യവസ്ഥകൾ അംഗീകരിക്കുന്നതിനുമുമ്പ് ഇതിന്റെ നിയമസാധ്യത സർക്കാർ പരിശോധിച്ചിട്ടുണ്ട്. കേരളത്തിലെ ആദിവാസികളുടെ കൈവശമുള്ള ഭൂമി പട്ടികവർഗ്ഗ പ്രദേശമായി പ്രഖ്യാപിക്കാനുള്ള തീരുമാനം കേരള മന്ത്രിസഭ എടുക്കുകയും, തുടർന്ന് ആദിവാസി അധിവാസ മേഖലയ്ക്കുവേണ്ടി കേരളത്തിലെ സവിശേഷ സാഹചര്യം കണക്കിലെടുത്ത് ഒരുനിയമ നിർമ്മാണം നടത്താൻ തദ്ദേശ സ്വയംഭരണ വകുപ്പ് മുൻകൈ എടുക്കുകയും ചെയ്യണം. *(ആദിവാസി ഗോത്രമഹാസഭ)*

അവരെ ആദിവാസികൾ അംഗീകരിക്കുമോ എന്ന ആശങ്കയായിരുന്നു അതിന് കാരണം. എം.ഡി തോമസ്, സണ്ണി കപിക്കാട് എന്നിവരെ പോലുള്ള നിരവധി ആക്ടിവിസ്റ്റുകൾ കുടിൽകെട്ടി സമരത്തിൽ സജീവമായി നിന്നവരാണ്. കോട്ടയത്തു നിന്നുമുള്ള ബിജു, അനിൽ എന്നിവരൊക്കെ മുഴുവൻ സമയവും ഇവിടെയുണ്ടായിരുന്നു. ബിജു സമരം തുടങ്ങി പന്ത്രണ്ടാം ദിവസം ഈ സമര വേദിയിൽ വച്ച് മരിച്ചു. അയാൾ ഹൃദ്രോഗി ആയിരുന്നുവെന്ന് ആർക്കും അറിയില്ലായിരുന്നു. ബിജു സമരത്തിൽ ആവേശത്തിൽ പങ്കെടുക്കുകയും രോഗം മൂർച്ഛിക്കുകയുമാണുണ്ടായത്.

ദലിത് എന്ന പ്രയോഗത്തിന് പകരം ആദിവാസികൾ ഉൾപ്പെടുന്ന തദ്ദേശീയ ജനതയെന്ന് പ്രയോഗിക്കപ്പെടേണ്ടതുണ്ട് എന്ന ആശയമാണ് ഞങ്ങൾ മുന്നോട്ട് വച്ചത്. ദലിത് എന്ന സംഞ്ജ തന്നെ സംശയാസ്പദമാണ്. ഞങ്ങളും ആദിവാസികളാണ് എന്ന ബോധത്തിലേക്ക് അവരെത്തിയിട്ടുണ്ടോ എന്നതാണ് ഇവിടുത്തെ പ്രശ്നം. ആദിവാസി സമരത്തെ ദൂരെ നിന്ന് നോക്കി കാണാനാണ് ഇവിടുത്തെ ദലിത് പ്രവർത്തകർക്ക് ഇഷ്ടം. അവരെ സംബന്ധിച്ച് ഇത് എന്റെ പ്രശ്നമല്ല, അവരുടെ പ്രശ്നമാണ്. ഇത് ജാതി തിരിച്ച് പറയുന്ന വിഷയമല്ല. ദലിതുകൾ രാഷ്ട്രീയമായി മുന്നിട്ട് നിൽക്കുന്നുവെന്നും ആദിവാസികൾ പിന്നിലാണെന്നുമുള്ള സമീപനം ഇവിടെ ഉണ്ട്. എന്നാൽ ആദിവാസികൾ ഉന്നയിക്കുന്നതാണ് യഥാർത്ഥ രാഷ്ട്രീയ പ്രശ്നം എന്ന് ആരും തിരിച്ചറിയുന്നില്ല.

**മാവോയിസ്റ്റ് ഭീഷണിയുടെ പേരിൽ ആദിവാസി മേഖലകളുടെ വികസനത്തിനായി സംസ്ഥാന ആസൂത്രണ ബോർഡ് അനുവദിച്ച പൂൾഡ് ഫണ്ടിൽ നിന്നും 30 ലക്ഷം രൂപ ആദിവാസി മേഖലകളിൽ ട്രൈബൽ ജനമൈത്രി പോലീസ് രൂപീകരിക്കാൻ വിനിയോഗിച്ചിരിക്കുകയാണ്. മാ**

⇨ അതൊന്നും തണ്ടർ ബോൾട്ട് സംഘത്തിന്റെ ശ്രദ്ധയിൽപ്പെട്ടില്ല ⇨

**വോയിസ്റ്റ് വേട്ടയുടെ പേരിൽ ആദിവാസി മേഖലയിൽ നടക്കുന്ന പോലീസ് രാജ് അവസാനിപ്പിക്കണമെന്നത് ഗോത്രമഹാസഭയുടെ ഒരു പ്രധാന ആവശ്യമാണ്. ജനാധിപത്യപരമായി പ്രവർത്തിക്കുന്ന ഗോത്രമഹാസഭ അടക്കമുള്ള സംഘടനകളുടെ പ്രവർത്തനത്തെ ആദിവാസി ജനമൈത്രി പോലീസ് സംവിധാനം പ്രതികൂലമായാണോ ബാധിക്കുന്നത്?**

മാവോവാദി വേട്ടയെ രാഷ്ട്രീയമായി വിലയിരുത്താൻ കേരള സമൂഹം മുതിരേണ്ടതുണ്ട്. ആദിവാസി മേഖലയിൽ ഇതിന്റെ പേരിൽ പോലീസിംഗ് ശക്തിപ്പെടുത്തുകയല്ല വേണ്ടത്. സർക്കാർ ജനാധിപത്യ പ്രവർത്തനത്തിന്റെ ഭാഗമായി സൽഭരണം ഉറപ്പിക്കുകയാണ് ചെയ്യേണ്ടത്. പ്രത്യേകിച്ചും ഇവിടുത്തെ ദുർബല വിഭാഗങ്ങളായ ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ, തീരദേശ വാസികൾ തുടങ്ങിയ ജനങ്ങൾക്ക്. മാവോവാദി വേട്ടയുടെ പേരിൽ ഈ വിഭാഗങ്ങളിലെ ജനങ്ങളോടുള്ള ഉത്തരവാദിത്വത്തിൽ നിന്നും സർക്കാർ പിൻവാങ്ങുകയാണ് ചെയ്യുന്നത്. മാവോവാദി വേട്ടയുടെ അനന്തരഫലം ഈ മേഖലയിൽ മാഫിയരാജ് ഉറപ്പിക്കുന്നതിലേക്കായിരിക്കും നയിക്കുക. സൽഭരണം ലഭിക്കാതെ വരുന്നതോടെ ജനങ്ങളുടെ ഭാഗത്തു നിന്നും പ്രതിഷേധങ്ങളുണ്ടാകും. അതിനെ പ്രതിരോധിക്കാൻ പോലീസ് സംവിധാനം ഉപയോഗിക്കാനിടയുണ്ട്. ആദിവാസി മേഖലകൾ ജൈവസമ്പന്നമായ മേഖലകൾ കൂടിയായതിനാൽ കഞ്ചാവ് ലോബികൾ, ക്വാറി ലോബികൾ, വനംകൊള്ളക്കാർ എന്നിവരുടെ പ്രവർത്തനങ്ങൾക്ക് ഈ മേഖലകൾ വേദിയാകും. പശ്ചിമഘട്ടത്തിലെ ഇത്തരം സമ്മർദ്ദ ശക്തികളുടെ ക്രിമിനൽ പ്രവർത്തനങ്ങളെ ഒരു രീതിയിലും പരിശോധിക്കാൻ സർക്കാർ ഉദ്ദേശിച്ചിട്ടില്ല. ഫലത്തിൽ മാവോവാദികൾക്കെതിരായി രൂപീകരിക്കുന്ന പോലീസ് ഇത്തരം ലോബികളുടെ സംരക്ഷണത്തിന് ഉപയോഗിക്കപ്പെടും.

ആറളം നിവാസികൾ കണ്ണൂർ കളക്ട്രേറ്റിന് മുന്നിൽ സമരം നടത്തിയപ്പോൾ തണ്ടർബോൾട്ട് സംഘം ആറളം ഫാമിൽ റോന്ത് ചുറ്റിയിട്ടുണ്ട്. ആറളം ഫാമിൽ മാവോയിസ്റ്റുകളൊന്നും ഉണ്ടായിരുന്നില്ല. എന്നാൽ ഈ ആറളം ഫാമിൽ 1500 ഏക്കറിൽ പൈനാപ്പിൾ കൃഷിയും കൊള്ളയുമാണ് നടക്കുന്നത്. അതൊന്നും തണ്ടർ ബോൾട്ട് സംഘത്തിന്റെ ശ്രദ്ധയിൽപ്പെട്ടില്ല. അവരെ സംബന്ധിച്ച് ഇതൊരു ക്രിമിനൽകുറ്റമല്ല. ഫലത്തിൽ അതുപോലുള്ള ശക്തികളെ സംര

## നാൾവഴികൾ

**1960** – ഏതെല്ലാം മേഖലകൾ പട്ടികവർഗ്ഗ പ്രദേശമായി ഉൾപ്പെടുത്തണമെന്ന അന്വേഷണം നടത്തുന്നതിനായി യു.എൻ. ദേബർ അദ്ധ്യക്ഷനായ കമ്മിറ്റി രൂപീകരിക്കപ്പെട്ടു.

**1971** – സ്വകര്യവനം (നിക്ഷിപ്തമാക്കലും കൈമാറ്റവും) നിയമം നിലവിൽ വന്നു. നിക്ഷിപ്തവന ഭൂമിയിൽ ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് വ്യവസ്ഥയുണ്ടായിരുന്നു.

**1975** – പട്ടികവർഗ്ഗക്കാർ (ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കലും) നിയമം കേരള സർക്കാർ പാസാക്കപ്പെട്ടു.

**1976** – ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോക്ട് ആരംഭിച്ചു.

**1986** – 75ലെ നിയമം ചട്ടങ്ങളോടെ നിലവിൽവന്നു. 4000ൽ ഏറെ പരാതികൾ സ്വീകരിച്ചുകൊണ്ട്, അന്യാധീനപ്പെട്ട ഭൂമി തിരച്ചെടുത്ത് നൽകാനുള്ള നടപടിക്രമം റവന്യൂ ഡിവിഷണൽ ഓഫീസർമാർ പൂർത്തീകരിച്ചിട്ടും സർക്കാർ നടപടിയെടുത്തില്ല.

**1993** – 75ലെ നിയമം നടപ്പിലാക്കണം എന്നാവശ്യപ്പെട്ട് ഡോ.നല്ലതമ്പി തേര നൽകിയ കേസിൽ ആറ് മാസത്തിനുള്ളിൽ നിയമം നടപ്പിലാക്കാൻ കോടതി ഉത്തരവിട്ടു.

**1996** – 75ലെ നിയമം മറികടക്കാൻ കേരള നിയമസഭ ഭേദഗതി ഓർഡിനൻസ് കൊണ്ടുവന്നു. ഓർഡിനൻസ് ഇന്ത്യൻ പ്രസിഡന്റ് തിരിച്ചയച്ചു. ഇടതുവലതു പ്രസ്ഥാനങ്ങൾ ഒറ്റക്കെട്ടായി ദേശീയതലത്തിൽ കൊണ്ടുപോയ ഒരേ ഒരു വിഷയം.

**1996** – പഞ്ചായത്ത്‌രാജ് എക്സ്റ്റൻഷൻ ടു ഷെഡ്യൂൾ എരിയ (പെസ) നിയമം പാർലമെന്റ് പാസാക്കുന്നു.

**1999** – ഇടതുപക്ഷ സർക്കാർ വീണ്ടും 75ലെ നിയമം ഭേദഗതി ചെയ്യുന്നു.

**1999** – 96ലെയും 99ലെയും നിയമ ഭേദഗതികൾ ഭരണഘടനാവിരുദ്ധമെന്ന് ഹൈക്കോടതി വിധിച്ചു.

**2000** – ഹൈക്കോടതി വിധിക്കെതിരെ സ്പെഷ്യൽ ലീവ് പെറ്റീഷനുമായി കേരള സർക്കാർ സുപ്രീം കോടതിയെ സമീപിച്ചു.

**2001** – സെക്രട്ടേറിയറ്റിന് മുന്നിൽ കുടിൽകെട്ടി സമരം ആരംഭിച്ചു.

**2001** – ഒക്ടോബർ മാസം 16ന് മുഖ്യമന്ത്രി എ.കെ. ആന്റണി വിളിച്ച് ചേർത്ത സമര പ്രതിനിധികളുടെ യോഗത്തിൽ വച്ച് ഒരു കരാറുണ്ടായി. സമരം അവസാനിച്ചു.

**2001** – കരാർ വ്യവസ്ഥകൾ നടപ്പിലാക്കാൻ ആദിവാസി പുനരധിവാസ മിഷൻ നിലവിൽ വന്നു.

**2003** – കരാർ ലംഘിക്കപ്പെട്ടതിനെ തുടർന്ന് ജനുവരി 3ന് വനഭൂമിയിലുള്ള അവകാശം ഉന്നയിച്ച് മുത്തങ്ങയിൽ കുടികെട്ടി. ഫെബ്രുവരി 19ന് മുത്തങ്ങ വെടിവയ്പ്പ്.

**2006** – വനാവകാശ നിയമം യാഥാർത്ഥ്യമായി.

**2009** – 1999ലെ ഭേദഗതി നിയമം ഭാഗികമായി അംഗീകരിച്ചുകൊണ്ട് സുപ്രീം കോടതി വിധി.

**2014** – ജൂലായ് 9ന് നിൽപ്പ് സമരം ആരംഭിച്ചു.

ക്ഷിക്കാനായി മാത്രം പോലീസ് രാജ് ഉപയോഗിക്കപ്പെടുകയാണ്.

മാവോയിസ്റ്റ് ശക്തികൾ കേരളത്തിൽ പ്രബലമല്ലെന്ന് നമുക്കെല്ലാം അറിയാം. മാവോവാദികൾ ഇവിടെയും ഉണ്ടാകാം. എന്നാൽ ആദിവാസി സൽഭരണ സംവിധാനത്തിൽ നിന്ന് പൂർണമായും പിൻവാങ്ങുക എന്ന ലക്ഷ്യത്തോടെയാണ് ഇപ്പോഴത്തെ മാവോവാദി വേട്ടകൾ ആസൂത്രണം ചെയ്തിരിക്കുന്നത്. ആദിവാസി ക്ഷേമം കൈകാര്യം ചെയ്യേണ്ടത് ഒരു പോലീസ് ഉന്നതാധികാര സമിതിയാണെന്ന നിലയിൽ പതിനാല് ഐ.പി.എസ്, ഐ.എ.എസ് ഉദ്യോഗസ്ഥരുടെ കമ്മിറ്റിക്ക് രൂപം കൊടുത്തിട്ടുണ്ട്. അവരാണ് ആദിവാസി ക്ഷേമത്തെക്കുറിച്ചുള്ള പഠന പരിപാടികൾ നടത്തേണ്ടത് എന്ന നിലയിലാണ് സർക്കാർ മുന്നോട്ട് പോകുന്നത്. എന്നാൽ അതിൽ ഒരാൾ പോലും പട്ടികവർഗ്ഗ വകുപ്പിന്റെ പ്രതിനിധിയായില്ല എന്നതാണ് യാഥാർത്ഥ്യം. പട്ടികവർഗ്ഗ ക്ഷേമം ഉറപ്പു വരുത്തേണ്ട മന്ത്രി ജയലക്ഷ്മിക്ക് ഇക്കാര്യങ്ങളെക്കുറിച്ചൊന്നും യാതൊരു ധാരണയുമില്ല. പട്ടികവർഗ്ഗ ക്ഷേമത്തിനായുള്ള വകുപ്പിനെ അപ്രസക്തമാക്കി മാറ്റുകയും അതു മറച്ചു വയ്ക്കാൻ സർക്കാർ മാവോവാദി വേട്ടയുടെ പേരിൽ മറ്റൊരു അന്തരീക്ഷം സൃഷ്ടിക്കുകയുമാണ് ചെയ്യുന്നത്.

ഇത് പരീക്ഷിച്ച് വിജയിക്കുകയാണെങ്കിൽ ദലിത് കോളനികളിലേക്കും തീരദേശ മേഖലകളിലേക്കും മറ്റ് പാർശ്വവൽക്കരിക്കപ്പെട്ട പ്രദേശങ്ങളിലും ഈ പോലീസിംഗ് തന്ത്രം പ്രയോഗിക്കാനുള്ള സാധ്യത കൂടി ഇവിടെ കാണണം. നിൽപ്പ് സമരം ഉന്നയിക്കുന്ന ഒരു ആവശ്യം ഇതുമായി ബന്ധപ്പെട്ടതാണ്. സർക്കാർ സൽഭരണത്തിന് മുതിരണം. ജനങ്ങൾക്ക് കൊടുക്കുന്ന വാഗ്ദാനം പാലിക്കണം. വാക്ക് പാലിക്കുന്നത് ജനാധിപത്യമര്യാദയാണെന്നുള്ള വളരെ പ്രധാനവും പ്രസക്തവുമായ ജനാധിപത്യപ്രശ്നം ഈ സമരം ഉന്നയിക്കുന്നത് അതിനാലാണ്. നിൽപ്പ് സമരത്തിന്റെ ഈ നിലയ്ക്കുള്ള സാധ്യതയെ കേരളം ശ്രദ്ധിച്ചിട്ടുണ്ടോയെന്നറിയില്ല.■

സെക്രട്ടേറിയറ്റിലെ കുടിൽകെട്ടി സമരത്തെ തുടർന്ന് 2001 ഒക്ടോബർ 16ന്
അന്നത്തെ മുഖ്യമന്ത്രി എ.കെ. ആന്റണി വിളിച്ചുചേർത്ത യോഗത്തിലുണ്ടായ കരാർ.
ഈ കരാർ വ്യവസ്ഥകൾ ഇനിയും നടപ്പിലാക്കിയിട്ടില്ല എന്നതാണ് നിൽപ്പ് സമരത്തിന് മുഖ്യ കാരണം

# വഞ്ചിക്കപ്പെട്ട 2001ലെ കരാർ

1. ആദിവാസി നേതാക്കൾ മുന്നോട്ടുവച്ച ഓരോ കുടുംബത്തിനും അഞ്ച് ഏക്കറിൽ കുറയാത്ത ഭൂമി ലഭ്യമാക്കണമെന്ന ആവശ്യം പരിഗണിച്ച് ഇത് സാധ്യമാകുന്ന സുഗന്ധഗിരി, പൂക്കോട് തുടങ്ങിയ പ്രോജക്ട് പ്രദേശങ്ങളിൽ അധിവസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അഞ്ച് ഏക്കർ വീതം ഭൂമി നൽകാൻ തീരുമാനിച്ചു. മറ്റ് സ്ഥലങ്ങളിൽ ഭൂരഹിതരോ, ഒരേക്കറിൽ കുറഞ്ഞ ഭൂമിയോ ഉള്ള ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കറിൽ കുറയാതെയും കൂടുതൽ കൃഷിഭൂമി ലഭ്യമായ സ്ഥലങ്ങളിൽ അഞ്ച് ഏക്കർ വരെയും വിതരണം ചെയ്യുന്നതാണ്. ഭൂവിതരണം 2002 ജനുവരി ഒന്നിന് ആരംഭിക്കും.
2. ഇപ്രകാരം നൽകുന്ന ഭൂമിയിൽ നിന്ന് ജീവിക്കാൻ ആവശ്യമായി വരുമാനം ഉണ്ടാക്കുവാൻ കാലതാമസം ഉണ്ടാകും എന്നുള്ളതുകൊണ്ട് ആദിവാസി കുടുംബാംഗങ്ങൾക്ക് സ്ഥിരമായ വരുമാനം ഉണ്ടാക്കുന്നതിന് സഹായകമായ തൊഴിൽ സൗകര്യങ്ങളും മറ്റു സംരംഭങ്ങളും അഞ്ചു വർഷത്തേക്ക് ഏർപ്പെടുത്തുന്നതാണ്.
3. 1999ലെ കേരള സംസ്ഥാന പട്ടിക വർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണം-അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കൽ നിയമം നടപ്പിലാക്കുന്നത് നിലവിലുള്ള കേസുകളിൽ സുപ്രീം കോടതിയുടെ അന്തിമ വിധി അനുസരിച്ചായിരിക്കും.
4. ആദിവാസികളുടെ കൈവശം ഇപ്പോഴുള്ള ഭൂപ്രദേശങ്ങളും പുതിയതായി പതിച്ചുകൊടുക്കുന്ന ഭൂപ്രദേശങ്ങളും ഷെഡ്യൂൾ ഏരിയാ ആയി പ്രഖ്യാപിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാറിനോട് ആവശ്യപ്പെടുന്നതാണ്. ഈ പ്രദേശങ്ങളിൽ അധിവസിക്കുന്ന ആദിവാസികളുടെ ഭൂമിയും സംസ്കാരവും സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ നിയമ നിർമ്മാണം നടത്തും.
5. ആദിവാസികളുടെ സർവ്വതോന്മുഖമായ വികസനത്തിനായി സംസ്ഥാന ആസൂത്രണ ബോർഡ് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതും ഒരു മിഷൻ മാതൃകയിൽ സമയബന്ധിതമായ പത്താം പഞ്ചവത്സര പദ്ധതിയുടെ തുടക്കം മുതൽതന്നെ നടപ്പിലാക്കുന്നതുമാണ്.
6. ആദിവാസികളുമായി ബന്ധപ്പെട്ട പദ്ധതികൾ ആവിഷ്കരിക്കുന്നതിലും നടപ്പിലാക്കുന്നതിലും അവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതാണ്.
7. വയനാട് ജില്ലയിലെ ഭൂരഹിതരായ ആദിവാസി കുടുംബങ്ങളുടെ ആധിക്യം പരിഗണിച്ച് അവർക്ക് നൽകുന്ന തിനാവശ്യമായ ഭൂമി, പ്രത്യേകിച്ചും നിക്ഷിപ്ത വനഭൂമി, പരമാവധി (കേന്ദ്ര സർക്കാറിന്റെ അനുമതിയോടെ) കണ്ടുപിടിച്ച് സമയബന്ധിതമായി വിതരണം ചെയ്ത് അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.
8. ഈ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ആദിവാസി സമരം ഉടൻ പിൻവലിക്കുന്നതാണ്.